കാഴ്ചവട്ടം

# കാഴ്ചവട്ടം

ഓണപ്പതിപ്പ് - 2016

അസത്യങ്ങളും അർദ്ധസത്യങ്ങളും മാത്രമുള്ള വാർത്തകളുടെ ലോകത്തേയ്ക്ക് കാഴ്ചക്ക് വെട്ടം പകരനാണ് കാഴ്ച്ചവട്ടം എന്ന നൂതന വഴി ഞങ്ങൾ അവതരിപ്പിക്കുന്നത്. ഓണത്തെ പോലും സ്വകാര്യവല്ക്കരിക്കുകയും പക്ഷം ചേർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഓണപ്പതിപ്പെന്നെ ചുവടുവെപ്പ് പോലും പ്രതിരോധമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു . പൂർണ്ണമാണെന്ന് അവകാശപെടുന്നില്ല. പൊന്നുവെയ്ക്കേണ്ടിടത്ത് പൂവ് വെച്ചെന്ന ആത്മ സംതൃപ്തിയോടെ ഈ ഓണ പതിപ്പ് വായനക്കാർക്ക് സമർപ്പിക്കുന്നു .

എഡിറ്റോറിയൽ ടീം


പ്രത്യേക നന്ദി :

കവർ : മനേഷ് പുലാശ്ശേരി

പേജ് ഡിസൈൻ : മനു രാജ്

ലേ ഔട്ട് : മുജീബ് റഹ്മാൻ

സാങ്കേതിക സഹായം :അൽത്താഫ് അരുൺ


കാഴ്ചവട്ടം

# ഉള്ളടക്കം

## കഥ :


ഓണം എങ്ങനെ ഉണ്ടായി : അജോയ് കുമാർ 4
ഒഴുകി അകലുന്നു നാം : രൂപ കരുംമ്പറ്റ 9
അധര ചിത്രങ്ങൾ : ഇസ്മായിൽ കല്യാൺ 16


## ലേഖനം :


അതിജീവനത്തിന്റെ ആദ്യ പാഠങ്ങൾ: മഹേഷ് കൊട്ടാരത്തിൽ 27
മൻമോഹൻ മുതൽ ജയ്റ്റ്ലി വരെ : മുജീബ് റഹ്മാൻ
എന്റെ ഓണം ശ്രീ പാർവതി
ഓണഓർമ്മകൾ : സയനോര


## കവിത :


ഷാപ്പിലെ പൂച്ച : സുനിലൻ കളീക്കൽ 8
എന്നിട്ടും കാറ്റൊന്നും മിണ്ടിയില്ല : ആർ സംഗീത 10
മണല്ക്കാ ട് പൂക്കുമ്പോൾ : ലിഖിത ദാസ് 11
മാവേലി വന്നു : ശ്രീനിവാസൻ തൂണേരി 12
ചുവരെഴുത്ത് : ഗോപിനാഥൻ 13
മൂന്ന് : അക്ഷയ് എം 14
വശ്യം : നിഷാ നാരായൻ 15
കവിത പോലെ : സന്ധൂപ് കെ നാരായൺ 30
പ്രണയനന്തര ഭാഗം വെപ്പുകൾ 31
ചിലത് : രതീഷ് ടി കെ 32
മതി : രാഗേഷ് ആർ ദാസ് 33
ഞായറാഴ്ച്ചയും നമ്മളും : അജിത്ത് മോഹൻ 34


കാഴ്ചവട്ടം

# ഓണം എങ്ങനെ ഉണ്ടായി

## (ഒരു തമാസക്കഥ)



അജോയ് കുമാർ

കാലത്തേ വലിയ ബഹളവും പട്ടിയുടെ കുരയും കേട്ടാണ് ദേവേന്ദ്രൻ ചാടി എണീറ്റത്,ഹോ തലേന്ന് ഉര്വ/ശിയുടെ വീട്ടിലെ പാര്ട്ടി ക്ക് പോയി അടിച്ച പൊളിച്ചത് കാരണം തല നേരെ നിക്കുന്നില്ല,

എന്തുവാടെ അവിടെ ഹബളം?

ഭടൻ കണ്ണ് തള്ളി ,ഹബളമോ ?

അല്ല ബഹളം ..

ഓ അങ്ങനെ ദേവ ഫടൻ വാ തുറന്നു...... മൊയിലാളീ ,

അതാര്?

അങ്ങ് തന്നെ..

ഓ ശെരി പറ എന്താണ് അവിടെ ഒരു ബഹളം?

ഒന്നും പറയണ്ട ,

എന്ത്? എന്നോട് ഒന്നും പറയണ്ട എന്ന് പറയാൻ നീ ആര്? ഉര്വശി മേനക രംഭ തിലോത്തമ ഇവരാരും പോലും ധൈര്യപ്പെട്ടിട്ടില്ല അത് പറയാൻ, അറിയാമോ?

അയ്യോ ,ഞാൻ അത് ഉദ്ദേശിച്ചില്ല ,

ഉം നീ കാര്യം പറഞ്ഞാൽ മതി ഒന്നും ഉദ്ദേശിക്കണ്ട കേട്ടാ ,

ശെരി കാലത്തേ ഒരു താടിക്കാരൻ അങ്ങയെ കാണണം എന്ന് പറഞ്ഞു വന്നു ഇവിടെ കിടന്നു കറങ്ങി ,കറക്കം നിന്നപ്പോൾ ഞാൻ പറഞ്ഞു അങ്ങ് പള്ളി ഉറക്കം ആണെന്ന്, മുഴുവൻ കേള്ക്കു ന്നതിനു മുന്പേ അങ്ങേര് ഓട്ടോ പിടിച്ച ബീമാ പള്ളിയിൽ പോയി അങ്ങയെ കാണാൻ,ഇപ്പൊ തിരിച്ച വന്നു ഞാൻ കള്ളം പറഞ്ഞു എന്നും പറഞ്ഞു വേണ്ട ബഹളം ഉണ്ടാക്കി ,എന്നിട്ട് അങ്ങയുടെ പള്ളിയറ ആണെന്നും പറഞ്ഞു പട്ടിക്കൂട് തുറന്നു കേറിപ്പോയി, പട്ടികൾ അദ്ദേഹത്തെ കൈകാര്യം ചെയ്യു ഹബളം അല്ല ബഹളം ആണ് അങ്ങ് കേട്ടത്, ഫടൻ ശ്വാസം വിട്ടു ,

ശോ ഈ ബ്രിഹസ്പതിയെ കൊണ്ട് തോറ്റു, അല്ഷിളമേഴ്സ് ആണെങ്കിൽ വീട്ടിൽ ഇരുന്നൂടെ ? എടാ അതാരാണെന്നു അറിയാമോ? ദേവ ഗുരു ആണ് ദേവ ഗുരു ,ഇരു ചെവി അറിയുന്നതിന് മുന്പു വേഗം വെളിയിൽ എട് ,

വല്ലതും ബാക്കി ഉണ്ടെങ്കിൽ ...ഫടൻ മനസ്സിൽ ഓര്ത്തു്, അസുരന്മാരെ പേടിച്ച നല്ല നാല് ഡോബര്മാറൻ പട്ടികളെ ആണ് ഇന്ദ്രൻ വളര്ത്തു ന്നത് ,അകത്തു ചെന്ന് നോക്കിയപ്പോൾ പട്ടികൾ നാലും ബോധം കേട്ട് കിടക്കുന്നു, ബ്രിഹസ്പതിയെ കടിച്ചത് കാരണം,അല്ഷിീമേഴ്സ് വന്നപ്പോൾ ബ്രിഹ ആദ്യം മറന്നത് കുളിക്കാൻ ആണ്,പുറത്തു ഇറങ്ങിയ ഉടനെ ബ്രിഹസ്പതി ഇന്ദ്രനോട് ചോദിച്ചു,

എന്ത് പശുക്കൾ ആണ് ഇന്ദ്രാ നിങ്ങൾ വളര്ത്തു ന്നത്? ഒന്നാമത് വണ്ണം ഇല്ല പിന്നെ കറക്കാൻ നോക്കിയപ്പോൾ അകിടുമില്ല,

എന്റെ ഗുരോ അത് പശു അല്ല ,പട്ടി ആണ് ,

ആണോ? എന്നാൽ അതിനു വാ തുറന്നു പറഞ്ഞുകൂടെ, കടി കിട്ടിയ ഭാഗം തടവിക്കൊണ്ട് ബ്രിഹസ്പതി പറഞ്ഞു ,

ആരവിടെ ? ഇന്ദ്രൻ വിളിച്ചു,

ഞാൻ ആയിരിക്കും അവിടെ ബ്രിഹസ്പതി പറഞ്ഞു ,

മിണ്ടരുത് .ഇന്ദ്രന് ദേഷ്യം വന്നു , ആരവിടെ ?

ഞങ്ങൾ ഇവിടെ എന്ന് പറഞ്ഞു രണ്ടു ദേവ സുന്ദരികൾ പ്രത്യക്ഷപ്പെട്ടു ,ദേവഗുരുവിനു മുറിവിൽ മരുന്ന് പുരട്ടൂ,

അയ്യോ അത് വേണ്ട കടി കിട്ടിയത് എന്റെ ച " ക്ലൂൂൂ " യിൽ ( സെന്സേര്ബോുര്ഡ്ാ ) ആണ് ,അവിടെ തൊട്ടാൽ എനിക്ക് ഇക്കിളി ആകും ,അത് കൊണ്ട് ആ മരുന്ന് എന്റെ വയറിൽ പിരട്ടിയാൽ മതി,

അയ്യട അങ്ങോട്ട് പിരട്ടു പെണ്ണേ ,ഇന്ദ്രന് ദേഷ്യം വന്നു, അങ്ങനെ മരുന്നും പിരട്ടി ,ശ്രിച്ചബ്രികൃതലോചനം ( അന്ന് ആന്റി റാബിസ് ഇന്ജെ്ക്ഷൻ കണ്ടു പിടിച്ചിട്ടില്ല , ഇപ്പൊ പറഞ്ഞ ഇന്ജെുക്ഷൻ ആണ് ഉപയോഗത്തിൽ )

ഇന്ജെ്ക്ഷനും എടുത്ത ശേഷം ഇന്ദ്രൻ ഗുരുവിനെ അതിഥി മന്ദിരത്തിലേക്ക് കൂട്ടിയും കുറച്ചും കൊണ്ട് പോയി,

എന്തിനാവാണാവോ ശേ എന്തിവാനാണാവോ അയ്യേ നാക്ക് വടിച്ചില്ല, ഇന്ദ്രന് ദേഷ്യം വന്നു, എന്തിനാണ് അങ്ങയെ ഇപ്പം ഇങ്ങോട്ട് കെട്ടി എടുത്തത്

?

അതോ അത് പറയാം, അങ്ങ് ആ വാഷിംഗ് മെഷീൻ ഒന്ന് ഓൺ ചെയ്യു,

അതെന്തിന്?

ഓൺ ചെയ്യൂ ,

ശെരി ഇന്ദ്രൻ അകത്തു പോയി ഹംസപാദ ഫുള്ളി ഓട്ടോ മാറ്റിക് വാഷിംഗ് മെഷീൻ ഓൺ ചെയ്തു ,തിരികെ വന്നു ,

ഓൺ ചെയ്തു ഗുരോ ,

കള്ളം പറയരുത് നോം ഒന്നും കാണുന്നില്ലല്ലോ?

എന്തോന്ന് കാണാൻ ഗുരോ ,ഭ്രം ഭ്രം എന്ന് അത് കറങ്ങുന്ന ശബ്ദം കേട്ട് കൂടെ ? അപ്പോൾ ആണ് ഇന്ദ്രൻ ശ്രദ്ധിച്ചത് ,മെഷീന് ഒരു വല്ലാത്ത ശബ്ദം,

നിങ്ങൾ എന്തോന്ന് പണി ആണ് കാണിച്ചത് മനുഷ്യ ? ഇന്ദ്രന്റെ അറുപതാമത് ഭാര്യ പ്രത്യക്ഷപ്പെട്ടു ,ആ വാഷിംഗ് മെഷീൻ നന്നാക്കാൻ അകത്തു ആള് ഇരിപ്പുണ്ടായിരുന്നു,ഇനി ഇപ്പം അയാളെ എടുത്തു വെളിയിൽ കൊണ്ട് ഉണക്കാൻ ഇടാം, ഭാര്യ ചാടി തുള്ളി അകത്തു പോയപ്പോൾ ഇന്ദ്രൻ ദേഷ്യത്തിൽ പറഞ്ഞു

മതിയായല്ലോ കാലത്തെ അവള്ടെപ വായിൽ നിന്ന് കേപ്പിച്ചപ്പോ ,അപ്പോഴും ഗുരു ചുമരിൽ ഉള്ള ടീ വീയും നോക്കി ഇരിക്കുന്നു,

ഓഹോ മൂപ്പിലാൻ ടീ വീക്കാണ് കാലത്തേ വാഷിംഗ് മെഷീൻ എന്ന് പറഞ്ഞത് , കഷ്ട്ടം ,ഇന്ദ്രൻ എണീറ്റ് ടീ വീ ടെ അടുത്ത് പോയി കൊച്ചു കുട്ടികളോട് എന്ന പോലെ ഗുരുവിനോട് ചോദിച്ചു ,

ഇതാണോ ഓൺ ചെയ്യാൻ പറഞ്ഞത്,

അതെ ഞാൻ വ്യക്തമായി പറഞ്ഞില്ലേ മിക്സി ഓൺ ചെയ്യാൻ, ഗുരു പറഞ്ഞു,

ഹോ ഇങ്ങേരെ വജ്രായുധം കൊണ്ട് അങ്ങ് തട്ടിക്കളഞ്ഞലൊ , ഇന്ദ്രൻ ടീ വീ ഓൺ ചെയ്തു,ഫാഷൻ ടീ വീ യിൽ ദേവ സുന്ദരികൾ തുണി ഇല്ലാതെ നടക്കുന്നു,

കണ്ടോ കണ്ടോ ഗുരു അലറി,

അയ്യേ ഇതെന്താണ് ഗുരോ ?

അതല്ല കേരളാ വിഷൻ ചാനൽ വെക്കാൻ, ഗുരു അവിടെ ഇരുന്ന മൊബൈൽ എടുത്തു ഞെക്കാൻ തുടങ്ങി,

റിമോട്ട് അതല്ല ഇതാണ് ഇന്ദ്രൻ റിമോട്ട് എടുത്തു കേരള വിഷൻ വെച്ചു,

മഹാബലി റോക്സ് എന്നാണ് പരിപാടി, അര മണിക്കൂർ കണ്ട ശേഷം ഇന്ദ്രൻ ചോദിച്ചു,

യെവൻ ആര്? എന്തിനു ഈ പരിപാടി നമ്മൾ കാണണം ?

അതാണ് പ്രശ്നം,ഇനി ആ ഓവൻ ഓഫ് ചെയ്തോ , അല്പ്പംൊ സംസാരിക്കണം, രഹസ്യം, മഹാബലി കേരളത്തിൽ അടിച്ചു പൊളിക്കുന്നു, കള്ളം ഇല്ല ,പൊളി വചനം ഇല്ല, എള്ള് കടയിൽ കിട്ടാൻ ഇല്ല,

ശോ അങ്ങനെ അല്ല, എള്ളോളമില്ല പൊളി വചനം എന്നാണ് ,

അങ്ങനെ എങ്കിൽ അങ്ങനെ പിന്നെ മാനുഷർ എല്ലാരും ഒന്ന് പോലെ ?

ങേ ഒന്ന് പോലെ എന്ന് വെച്ചാൽ മെലിഞ്ഞു ഇരിക്കുന്നു എന്നല്ലേ ?അപ്പൊ ദാരിദ്ര്യം ?

അല്ലാന്ന് ഒന്ന് പോലെ അതായതു ഒരു പോലെ എന്നർത്ഥം, അങ്ങനെ എല്ലാം ഉള്ള ഭരണം ആണ് ഇന്ദ്രാ ,അഴിമതി ഇല്ല, ഇവിടത്തെ പോലെ ഓടിച്ചിട്ട് പീഡനം ഇല്ല,

ഇന്ദ്രൻ പറഞ്ഞു എന്റെ ഭാര്യമാർ അകത്തുണ്ട് ഗുരോ ഒന്ന് പതുക്കെ പറ,

കള്ള പറ ഇല്ല ചെറു നാഴി ഇല്ല ,

വലിയ കാര്യം ,ഇവിടെയും എല്ലാം വലിയ നാഴികളെ ഉള്ളൂ, ഇതൊക്കെ പറഞ്ഞു ലവനെ പുകഴ്ത്താൻ ആണോ കാലത്തേ തന്നെ ഓട്ടോയും പിടിച്ചു എഴുന്നള്ളിയത്,

അല്ല ,ഇപ്പൊ കിട്ടിയത് ഫ്ലാഷ് ന്യൂസ് കണ്ടോ, മഹാബലി ദേവലോകം ഭരിക്കാൻ യോഗ്യൻ എന്ന് ലോക നേതാക്കൾ അഭിപ്രായപ്പെട്ടു ,കണ്ടോ ,അവൻ അസുരൻ ആണ് ,ശുക്രൻ അവന്റെ ആളാണ്, അപ്പൊ അങ്ങനെ വിട്ടു കൊടുക്കാൻ പറ്റുവോ?

ഇത്രയും പറഞ്ഞ ശേഷം ബ്രിഹസ്പതി അപ്പോൾ കൊണ്ട് വെച്ച ചൂട് ചായ എടുത്തു മുഖം കഴുകി, എന്റെ അമ്മോ ....ഞാൻ ചത്തേ..

ശോ അതിനിടക്ക് ഒപ്പിച്ചു,ആരവിടെ വേറെ ചായയും മുഖത്ത് ഒഴിക്കാൻ ഐസ് വാട്ടറും കൊണ്ട് വരൂ, അടുക്കളയിൽ നിന്ന് കൊണ്ട് വന്ന തണുത്ത വെള്ളം മുഖത്ത് ഒഴിച്ചപ്പോൾ ഗുരു ശാന്തനായി,

അപ്പൊ ഞാൻ പറഞ്ഞു വന്നത് ദേവേന്ദ്രൻ മഹാബലി ആവാൻ ശ്രമിക്കുന്നു എന്ന് കേട്ടു,

തിരിച്ചല്ലേ ഗുരോ ,

ഓഹോ അവൻ തിരിച്ചു കഴിഞ്ഞോ ?

അതല്ല മഹാബലി ദേവേന്ദ്രൻ ആവാൻ ശ്രമിക്കുന്നു എന്നല്ലേ ?

അങ്ങനെ എങ്കിൽ അങ്ങനെ ,അപ്പോൾ എന്ത് വില കൊടുത്തും നമുക്ക് അത് തടയണം,

ഒരു അമ്പതിനായിരം രൂപ കൊടുത്താലോ ?

ശോ ഉപമക്ക് പറഞ്ഞതാണ് എങ്ങനെ എങ്കിലും തടയണം എന്ന്,

ഉവ്വ ,അതിനു എന്താണ് വഴി?

എക്സ് കുണ്ഡം,

ങേ ?

## കാഴ്ച്ചവട്ടം ഓണപതിപ്പ്

അല്ല വൈ കുണ്ഡം, അവിടെ പോയി ജിഷ്ണു ഭഗവാനെ കാണണം,

അതാര്?

അല്ല സോറി, വിഷ്ണു ഭഗവാൻ, അതേയുള്ളൂ വഴി

അടുത്ത സീൻ ആരംഭിക്കുന്നത് വൈ കുണ്ഡത്തിൽ ,ഏഴ വാതിലും അടച്ച പൂട്ടി ഗ്ലര്ഖണക്ക് ചോറും കൊടുത്തു വളര്ത്തു സ്രാവിനെ അഴിച്ച വിട്ട ശേഷം ലക്ഷ്മി ദേവി മേല് കഴുകാൻ പോയി, ഭഗവാൻ അനന്തന്റെ മുകളിൽ കിടന്നു ഉറങ്ങാൻ വട്ടം ക്കൂട്ടി, അനന്തൻ നേരത്തെ ഉറക്കമായി, പകൽ മുഴുവൻ അതിഥികൾ ആയിരുനതു കാരണം നല്ല ക്ഷീണം,ഉറ ക്കത്തിലേക്കു പഴത്തൊലിയിൽ ചവിട്ടിയാൽ എന്ന പോലെ വഴുതി വീഴാൻ തുടങ്ങവേ ഭഗവാന്റെ കാലിൽ ഒരു കൈ ,

എന്താ ദേവീ ഇത് ,കാര്യം കാണാൻ കാലു പിടിക്കണോ? നാളെ കലണ്ടർ ഫോട്ടോ എടുക്കാൻ ആള് വരുന്നുണ്ടല്ലേ ? പോതീസ് സാമുദ്രിക പട്ടു വല്ലതും വേണോ? അതോ ആലപ്പാട്ട് ഫാഷൻ ജ്യൂവലരിയില് പോണോ? ഉം പറയൂ ,



ദേവി അല്ല ഭഗവാനെ ഞാൻ ആണ് ഇന്ദ്രന്സ് ,

ഓഹോ നീ നീര്ക്കോലി കഴുത്തും നീട്ടി ഇങ്ങു എത്തിയോ?

അയ്യോ നടൻ ഇന്ദ്രന്സ് അല്ല ,ദേവേന്ദ്രൻ ആണേ ,

എന്താ ഈ അസമയത്? അങ്ങയുടെ പതിവ് പരിപാടികള്ക്ക് വല്ലതും,

അയ്യോ അല്ല അങ്ങയെ കണ്ടു സഹായം അഭ്യര്ധിക്കാൻ ആണ്,

അയ്യോ ..എന്താ പുറത്തു ഒരു നിലവിളി ,ലക്ഷ്മി ദേവി ഓടി വന്നു പറഞ്ഞു ഭഗവാനെ ഏതോ ഒരു താടിക്കാരൻ ബോട്ട് കൊള്ളാമല്ലോ എന്ന് പറഞ്ഞു സ്രാവിന് മുകളിൽ കേറി എന്ന്,അയാളെ സ്രാവ് കടിക്കാൻ ഓടിച്ചത്രേ,

അയ്യോ അത് ദേവ ഗുരു ബ്രിഹസ്പതി ആണ്,ഷമിക്കണം,

ശെരി ക്ഷമിച്ചു,എന്താ ഇപ്പൊ പ്രശ്നം,

മഹാബലി.... ഇന്ദ്രൻ തല ചൊറിഞ്ഞു

എല്ലാം നാം അറിഞ്ഞു,

അങ്ങ് ത്രികാല ജ്ഞാനി ആണല്ലോ.

അതല്ല കാലത്തേ മുതൽ കേരള വിഷൻ കാണുകയായിരുന്നു, ഉവ്വോ?

താങ്കൾ ഭയക്കണ്ട ,ഞാൻ നാളെ തന്നെ അവിടെ പോയി മഹാബലി ചെയ്യുന്ന യാഗം മുടക്കാം,

അങ്ങേരെ അങ്ങ് തട്ടിക്കളഞ്ഞാലും വേണ്ടില്ല ,

എന്നിട്ട് ഞാൻ അകത്തു പോകാനോ? അതൊന്നും പറ്റൂല ,വേറെ വഴി നോക്കാം,തല്ക്കാലം അങ്ങേരേം വിളിച്ചോണ്ട് പോയാൽ കൊള്ളാം,

ശെരി ഭഗവാനെ ,ഇന്ദ്രനും ബ്രിഹസ്പതിയും അടുത്ത ബോട്ടിൽ കയറി ഇന്ദ്രപുരി ഹോട്ടലിലേക്ക് പോയി.

പിറ്റേന്ന് നേരം പരപരാന്നു വെളുത്തപ്പോൾ വിഷ്ണു ഫാന്സി ഡ്രസ്സ് ചെയ്തു ഉണ്ടപ്പക്രു ആയി മഹാബലിയുടെ കൊട്ടാരത്തിൽ ലാന്ഡ് ചെയ്തു,മഹാബലി കാലത്തേ യാഗം തുടങ്ങി,വരുന്നവര്ക്കെല്ലാം ആഹാരവും, വസ്ത്രവും, ഒരു ജോഡി പാരഗൺ ചപ്പലും ഫ്രീ ,എല്ലാത്തിനും മേല്നോട്ടം വഹിച്ചു ഓടി നടക്കുന്നു ശുക്രാചാര്യൻ ,

എന്താണ് അങ്ങയുടെ പേര്? മഹാബലി ചോദിച്ചു,

പേര് ..പേരല്ലേ പേര്? വിഷ്ണു ഭഗവാൻ ആലോചിച്ചു ,വാ ഇരിക്ക്, മഹാബലി പറഞ്ഞു

ഓ കിട്ടിപ്പോയി വാ മനൻ ,

നല്ല പേര് ,അങ്ങ് ആഹാരം കഴിച്ചോ ?

ആ പുളിച്ച ഇഡ്ഡലി അല്ലെ? ഓ കഴിച്ച് കഴിച്ച് ,

ഇനി എന്താണ് വേണ്ടത്?

മൂന്നടി ,

ഇപ്പൊ തരാമല്ലോ മഹാബലി വടി എടുത്തു,

അയ്യോ ആ അടി അല്ല ,മൂന്നടി മണ്ണ് ,

ഓ അങ്ങ് റിയൽ എസ്റ്റേറ്റ് കച്ചവടത്തിന്റെ ആളാണല്ലേ ? ഈ മൂന്നടി മണ്ണ് കിട്ടിയിട്ട് എന്ത് ചെയ്യാൻ?

മറിച്ചു വിക്കാൻ ആയിരിക്കും ശുക്രാചാര്യൻ പറഞ്ഞു ,അദ്ദേഹം വിഷ്ണു ഭഗവാന്റെ ഫാന്സി ഡ്രസ്സ് കണ്ടു പിടിച്ചു, ശുക്രനെ മൈന്ഡ് ചെയ്യാതെ വാമനൻ പറഞ്ഞു

അങ്ങ് ആരെയും ചോദിക്കുന്നത് കൊടുക്കാതെ മടക്കില്ലല്ലോ

മടക്കി ഒടിക്കും ശുക്രൻ പറഞ്ഞു,

ഗുരോ അങ്ങ് മിണ്ടാതിരിക്ക് ,മൂന്നടി അല്ലെ ഈ ബാലൻ ചോദിച്ചുള്ളൂ?

ബാലൻ അല്ല വിഗത കുമാരൻ, എന്റെ രാജാവേ ആരെയും വിശ്വസിക്കാൻ പറ്റാത്ത കാലം ആണിത് ,

മഹാബലി കിണ്ടി എടുത്തു ,അതിലെ വെള്ളം

കൊണ്ട് കൈ കഴുകിയാലെ ദാനം ചെയ്യാൻ പറ്റൂ, കിണ്ടിയിൽ നിന്ന് വെള്ളം വരുന്നില്ല, ശുക്രാചാര്യൻ ഒരു വണ്ടായി മാറി കിണ്ടിയുടെ വാലിൽ പോയി വെള്ളം ബ്ലോക്ക് ചെയ്തു കളഞ്ഞു ,വാമനൻ ഒരു ഈർക്കിലൽ എടുത്തു ഒരു കുത്ത് ,

അതോടെ ശുക്രാചാര്യൻ ചുക്രക്കണ്ണൻ ആയി മാറി,അദ്ദേഹത്തെ ഉടനെ ആരാധനാ ഐ ഹോസ്പ്പിറ്റലിലേക്ക് മാറ്റി ,

ബാക്കി കഥ അറിയാമല്ലോ, മൂന്നടി നീളമുള്ള വാമനൻ നോക്കി നില്ക്കെ ഉ ഡാ തടിയാ ആയി മാറി ,ഭൂമി അളന്നു, ബാക്കി എല്ലാം കൂടെ അടുത്ത അടി ആയി അളന്നു, മൂന്നാമത്തെ അടി ചോദിച്ചപ്പോൾ മഹാബലി അടുത്ത് നിന്ന ഭടന്റെ തല കാണിച്ചു കൊടുക്കുന്നതിനു പകരം സ്വന്തം തല കാണിച്ചു കൊടുത്തു,വാമനൻ ഒറ്റ ചവിട്ട്

മഹാബലി നേരെ ജപ്പാൻ കുടിവെള്ള പദ്ധതിയും പൊളിച്ച പാതാളത്തിലേക്ക് പോയി,,വാമനൻ വേഷമെല്ലാം ഊരി പൊടിയും തട്ടി പോകാൻ പോയപ്പോൾ ദാണ്ട് പിന്നേം വരുന്നു മാവേലി ,

എന്താ കാര്യം,

വരം വേണം ,

എന്താണാവോ?

വര്ഷാ വര്ഷം  ഒരാഴ്ച സര്ക്കാറിന് ഓണാഘോഷം സംഘടിപ്പിക്കാനും, നാടൻ കല എന്ന് പറഞ്ഞു വായിൽ തോന്നിയത് കാണിച്ചു സായിപ്പന്മാരെ പറ്റിക്കാനും ,കടക്കാര്ക്കെ ല്ലാം ടീ വീ ,ഫ്രിഡ്ജ് എല്ലാം വില കൂട്ടിയ ശേഷം ഓണം ഡിസ്കൗണ്ട് എന്ന് കള്ളം പറഞ്ഞു വില്ക്കാ നും ,ഓണം ബ്ലോക്ക് ബസ്റ്റർ ചലച്ചിത്രം എന്ന് പറഞ്ഞു ടീ വിയിൽ ആരും കേട്ടിട്ട് പോലുമില്ലാത്ത കൂതറ പടം കാണിക്കാനും ,സര്വ്വോപരി വെള്ളമടിച്ചു മരിക്കാനും എല്ലാം മലയാളികള്ക്ക് ഒരു അവസരം കൊടുക്കണം , പിന്നെ ഈ തമാശ എല്ലാം കാണാൻ ഒരാഴ്ചത്തേക്ക് ഒരു വിസിറ്റിംഗ് വിസയും, അത്രേം മതി ,

തഥാസ്തു എന്ന് പറഞ്ഞു വാമനൻ, മഹാബലി പോകുന്നില്ല ,

അല്ല പോകുന്നില്ലേ ? വാമനൻ ചോദിച്ചു

എന്തോ വസ്തു എഴുതിത്തരാം എന്ന് പറഞ്ഞില്ലേ?

പോവുവേ തഥാസ്തു എന്ന് പറഞ്ഞാൽ അങ്ങന തന്നെ നടക്കട്ടെ എന്നാണ്, മഹാബലി ദേ പോയി ദാ വന്നില്ല (അടുത്ത ഓണത്തിനെ വരുന്നുള്ളൂ അതോടെ മഹാബലിയുടെ എന്ന പോലെ ഈ കഥയും തീര്ന്നു)


വാല്ക്കഷണം

ഈ സമയം അങ്ങ് ഇന്ദ്രപുരിയിൽ സ്വന്തം മുറി ആണെന്ന് കരുതി മറ്റോരു മുറിയിൽ കയറി ലോക്കർ ആണെന്ന് കരുതി യൂറോപ്യൻ ക്ലോസെറ്റിൽ ഫോൺ [illegible]

കെട്ടി ദേവയാനി കൊടുത്ത ഒരു അഴുകിയ ഓറഞ്ച് തിന്നുകയും മൃത്യുഞ്ജയ മന്ത്രം എങ്ങനെ സീ ഡീ ആക്കി മാര്ക്കറ്റ് ചെയ്യാൻ എന്ന് മനകോട്ട കെട്ടുകയുമായിരുന്നു :D

# ഷാപ്പിലെ പൂച്ച

സുനിലൻ കളിയിക്കൽ



ഷാപ്പിലെ പൂച്ചയ്ക്ക് പുരോഹിതന്റെ ഭാവമാണ്.
പനമ്പ് കൊണ്ട് തിരിച്ച അറകളിലെ
കുമ്പസാര രഹസ്യങ്ങൾ കേട്ട്കേട്ടാവാം,
നരച്ച മീശ രോമങ്ങളേ നാവാലുഴിഞ്ഞ്
അടുത്തതെന്താവാം എന്ന് കണ്ണോർത്തിരിക്കും.
വകയിലെ പെങ്ങളേ പ്രാപിച്ചവന്റെ
വിലാപ സാഹിത്യത്തെ
സമാശ്വാസത്തിന്റെ പുറം തഴുകലുകൾ
സ്വയം ഭോഗമായി പരാവർത്തനം ചെയ്യുന്നത്
കണ്ട്



അമൂർത്തമായൊരു
നിശബ്ദതയിലഭിരമിച്ച്
അവയങ്ങനെ
ചടഞ്ഞിരിക്കും.
വിലക്ഷണ ഹാസ്യത്തെ
പതച്ചൊഴിച്ച–
പാനപാത്രം മുത്തി,
അഹം ഭാവത്തിന്റെ
ആറ്റമീൻ കറിയിൽ
വിരൽ മുക്കി നക്കി,
അപരനോടുള്ള പുച്ഛം അധോ വായുകൊണ്ട്
അടിവരയിടുന്നത് കണ്ട്
കണ്ണടയ്ക്കും..
അഞ്ഞൂറ് രൂപ ലോട്ടറിയടിച്ചവന്റെ
ആഘോഷങ്ങൾ തെറിപാട്ടിന്
താളം പിടിക്കുമ്പോള്
വരട്ടിയ പോത്തിൻ കഷണം
വായ് വിട്ട് താഴെ വീണാലോ എന്ന്
പ്രതീക്ഷയോടെ കാത്തിരിക്കും.
ആത്മ വഞ്ചനയുടെ പാഴാങ്കങ്ങൾക്കൊപ്പമുയരു
ന്ന
നെറികെട്ട നിലവിളികളേ
കാലുറയ്ക്കാത്ത ബെഞ്ചിന്റെ പുലയാട്ടുകൾ
തമസ്കരിക്കുന്നത് കേട്ട് കേട്ട്
അടക്കി ചിരിക്കും.

# ഒഴുകിയകലുന്നു നാം

## ശ്രുപ കരുംപറ്റ



അപൂർവ്വം   നല്ല പെണ്സൗഹൃദങ്ങളെ എനിക്കുള്ളൂ. പല പെണ്കൂട്ടായ്മകളിലും എനിക്ക് മടുപ്പ് തോന്നും. വളയോട്ടും കമ്മലിനോട്ടും അല്പം ഭ്രമമുണ്ടെന്നല്ലാതെ മറ്റ സ്ത്രീകൾ ഇഷ്ടപ്പെടുന്ന വസ്തുക്കളിലൊന്നും വലിയ താത്പര്യമില്ല, സ്വര്ണ്ണം  പ്രത്യേകിച്ചും. ലിപ്സ്റ്റിക്കിന്റെ ഷെയ്ഡുകളോ ഐ ഷാഡോവിന്റെ ബ്രാന്ഡു കളോ ചോദിച്ചാൽ പറയാനറിയില്ല. സ്വര്ണ്ണ മാലകളിലെ വകഭേദങ്ങളെക്കുറിച്ച് അജ്ഞയാണ്.

എന്നെ അറിഞ്ഞു സ്നേഹിക്കാൻ സ്ത്രീസുഹൃത്തുക്കളുണ്ടായില്ല പല ഘട്ടത്തിലും. പത്താം ക്ലാസ് വരെ അയല്ക്കാ രി രമ്യയുണ്ടായിരുന്നു. ഇന്നലെയാണ് അവളുടെ വാട്സാപ്പ് നമ്പർ കിട്ടിയത്. ദുബായിൽ ഭര്ത്താവിനോട്ടും കുട്ടിയോട്ടുമൊപ്പം ഉദ്യോഗസ്ഥജീവിതവുമായി കഴിയുന്നു. അന്നു വീട് മാറിയപ്പോൾ മുറിഞ്ഞ സൗഹൃദമാണ്. പിന്നെ ഡിഗ്രിയ്ക്ക് പഠിക്കുമ്പോൾ സുല്യ, ഷെറു എന്നു ഞാൻ വിളിക്കുന്ന ഇരട്ടകളും ദീപ്തിയും ശീതളും. അന്യമതസ്ഥരുമായുള്ള ചങ്ങാത്തം ഇരട്ടകളിലൊരാളുടെ ഭര്ത്താ വ് വിലക്കി. എന്നാലും വല്ലപ്പോഴുമുള്ള വിളി. പിന്നീട് എംഎയ്ക്ക് ചേര്ന്ന പോൾ സീനിയറായ അശ്വതി ചേച്ചിയായിരുന്നു കൂട്ട്. അനിയത്തിയെന്ന് വിളിച്ച് ശ്വാസം മുട്ടിച്ച് സ്നേഹിച്ചു. ഞാൻ വിവാഹിതയാകുന്നുവെന്ന് കേട്ടപ്പോൾ കരഞ്ഞു. അതിനുശേഷം വിളിയില്ല. ഇപ്പോൾ ഞാൻ കുറിക്കുന്ന വാക്കുകൾ മാത്രം വായിച്ച് സ്നേഹാന്വേഷണം മൊബൈലിൽ രണ്ടു വരിയിൽ അയയ്ക്കുന്നു.

ആദ്യത്തെ ജോലി കിട്ടിയപ്പോൾ അയിഷ കൂട്ടായി. ബാംഗ്ലൂര്ക്കാരി. കേരളത്തിന്റെ മരുമകൾ. കാലത്തിന്റെ കുത്തൊഴുക്കിൽ മെസേജുകളിലൂടെ മാത്രമുള്ള ബന്ധമായി അതും. അപ്പോഴും ഇപ്പോഴും ആണ്സുതഹൃത്തുക്കൾ ധാരാളമുണ്ട്.

ഒടുവിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഇടത്തും കിട്ടി ഒരു ചേച്ചിയേ! മൂന്നു വര്ഷംഅ അടുത്തടുത്തിരുന്നു. ദിവസവും ആറു മണിക്കൂറിലധികം ഒരുമിച്ച് ചെലവഴിച്ചു. ഒരേ കാറിൽ മടക്കം. ഒരുമിച്ച് ഭക്ഷണം. വിവാഹിതയാകണമെന്ന് വീട്ടുകാർ നിര്ബ്ബന്ധിച്ച പ്പോൾ ഞാൻ ആകെ തകര്ന്നി രുന്നു. ചേച്ചിയാണ് സഹായിച്ചത്. എഴുതുന്നതും തിരുത്തുന്നതും എല്ലാം ചേച്ചിയോട് ചോദിച്ച്. ഏറ്റവും സ്വകാര്യമായ

രഹസ്യങ്ങൾ വരെ പങ്കുവെച്ചു. ഇപ്പോൾ തുറന്നു പറയുന്നു, ഒരു വല്ലാത്ത പൊസസീവ്നെസ് തോന്നിയിരുന്നു.


കഴിഞ്ഞ ജന്മരത്തിൽ എന്റെ കൂടെപ്പിറപ്പോ മറ്റോ ആയിരിക്കും. ചേച്ചിയുടെ ഓഫിന്റെ അന്ന് എനിക്ക് വല്ലാത്ത ശൂന്യത തോന്നും. എന്നെ ഉപദേശിക്കാനും വഴക്ക് പറയാനും ചേച്ചിക്ക് അധികാരം ഉണ്ടായിരുന്നു. ഭര്ത്താവ് പോലും തമാശയ്ക്ക് പറയും, 'ഉം! ചേച്ചി പറഞ്ഞാൽ നിനക്ക് ചെയ്യാതിരിക്കാൻ പറ്റില്ലല്ലോ...'

സ്ഥലം മാറി ചേച്ചിയും പോവുകയാണ്. ഒരുപാട് ശ്രമിച്ചെങ്കിലും കരയാതിരിക്കാനായില്ല. കരഞ്ഞിട്ടും കരഞ്ഞിട്ടും തേങ്ങലടക്കാനായില്ല. വെറും മൂന്ന് വര്ഷാത്തെ പരിചയത്തിന് ഇത്രയൊക്കെ വേണോ എന്ന് ഞാൻ സ്വയം ചോദിക്കുന്നു. മനസ്സ് അറിയാതെ പിടയും.

ലോകം ചെറുതാണെന്നും ഒരു മൊബൈൽ ക്ലിക്കിന്റെ നീളമെയുള്ളൂവെന്നും അറിയാം. ആ കസേരയിൽ പുതിയ ആൾ വരും. പക്ഷെ ചേച്ചി എന്നിൽ അവശേഷിപ്പിക്കുന്ന ശൂന്യത എനിക്ക് വാക്കുകളാൽ വര്ണ്ണിളക്കാൻ കഴിയുന്നില്ല. ഒരു വലിയ ജനക്കൂട്ടത്തിൽ നിന്ന് ഒടുവിലെത്തിയ ബിന്ദുവിലേക്കുള്ള നീളം എനിക്ക് വളരെ വലുതാണ്.

# എന്നിട്ടും കാറ്റ് ഒന്നുംമിണ്ടിയില്ല...

സംഗീത ആർ



വസന്തം തൊടാത്ത ചടച്ച വേരുകളെ
വിദഗ്ധമായി മറച്ചു പൂക്കളെ കുറിച്ച് മാത്രം
മരം വാചാലമായി ചില്ലത്തലപ്പുകളിൽ
മഴ ഗിറ്റാറിലൊരു തണുപ്പ് മീട്ടി മീട്ടി
ഇലകളെ വീഴ്ത്തുമ്പോൾ വേരുകളുടെ കരച്ചിൽ
പുറത്തു കേൾക്കാറില്ല
ഒന്നുമറിയാത്ത മട്ടിൽ മാറി നില്ക്കും
കാറ്റ് ഊറ്റി വിറ്റ് മെല്ലിച്ച നെഞ്ചിൽ
തെളിഞ്ഞു തുടങ്ങുന്ന ചുഴികളും
മലരികളും പൊത്തി പിടിച്ച്
ഉച്ച വെയിലിലേയ്ക്കു പൊട്ടിത്തെറിക്കാറുണ്ട് പുഴ
തീർത്തും നിശ്ശബ്ദനാവും കാറ്റ്
കൂട് നഷ്ടപ്പെട്ട കിളികൾ ആകാശത്തെ
പഴിക്കുമ്പോഴും വഴി തെറ്റിയൊരു ശലഭം
മുള്ളിൽ പിടയുമ്പോഴും
കാറ്റ് മൗനം...
ഇപ്പൊ മിണ്ടിക്കളയും എന്ന് തോന്നിപ്പിക്കുന്ന
ചെറു ചലനങ്ങളിൽ സ്വയം ഒളിപ്പിച്ച്
എത്ര നാളിങ്ങനെ മറ്റുള്ളവരെ പറ്റിക്കാനാണ്....
ചില മനുഷ്യരെ പോലെ..,,

# മണൽക്കാട് പൂക്കുമ്പോൾ

ലിഖിത ദാസ്



പലയാവർത്തി എഴുതിയെഴുതിത്തേഞ്ഞ
പലകപോലെ ഉടൽ..
ഇടയ്ക്കൊക്കെ ഇവിടെയും മണലുപൂക്കാറുണ്ട്..
ചങ്ങലയൂർന്ന്പോയ ഒരു പുഴയിൽ
മുങ്ങിമുങ്ങി കറ കലക്കുമ്പോ..
ഇനിയുമഴിഞ്ഞു തീരാത്ത ചോപ്പിൽ
ഇടയ്ക്കൊക്കെ വിരല് പിണയുമ്പൊ..
ഒരു മുട്ടായിപ്പിണക്കത്തിൽ കലങ്ങി
ദൂരെയെങ്ങോ ചെന്നടിഞ്ഞവൻ
ഓർമപ്പെരുപ്പിൽ തിരിച്ച് കേറി വരുമ്പൊ,
ഇടയ്ക്കൊക്കെ നരച്ച രോമക്കാടുകളിൽ
മണലുപൂക്കാറുണ്ട്.
നനഞ്ഞു പറ്റിയ പെറ്റിക്കോട്ടുകാരി
ചിമ്മിനി വെളിച്ചത്തിൽ
മുഖം വെട്ടിച്ച് ചിരിയ്ക്കുമ്പൊ..
കാടുകേറിപ്പോയ ഒരു മധുരപ്പതിനേഴുകാരി
മുഖവുര കൂടാതെ വരികളിലേയ്ക്ക്
പാളിപ്പിടിയ്ക്കുമ്പൊ,
അസ്ഥിയുരഞ്ഞ് കിനാവുമുളച്ച രാത്രികളെ
തിരിച്ച് പിടിക്കാനായുമ്പൊ..
അപ്പഴൊക്കേം ഉടൽ രഹസ്യങ്ങളിൽ,
നിറം മങ്ങിയ വിണ്ടപാടുകളിൽ
മണല് പൂക്കാറുണ്ട്

# മാവേലി വന്നു

## ശ്രീനിവാസൻ തൂണേരി



മാവേലി വന്ന് മാവേലിരുന്നു

ഓണത്തുടിപ്പിൽ കാണം തുലഞ്ഞു!

തുമ്പച്ചെടിക്കും കമ്പം കുറഞ്ഞു

തുമ്പിക്കിനാവി– ന്നിമ്പം തളർന്നു

നാടായ നാട്ടും വീടായ വീട്ടും

ചേർന്നൊത്തുപാടി ബോണസു വന്നോ?

കോൺക്രീറ്റുകാടിൻ പൂങ്കാവനത്തിൽ

ബോൺസായ് മരത്തിൻ ശിങ്കാരിയാട്ടം

കോലം വരക്കാൻ കോലായിലിപ്പോൾ വാല്യം

തലയും തിരിഞ്ഞോരു ബാല്യം കാലം ചവച്ചിട്ട

ശീലങ്ങളെല്ലാം കാലിൽ കുരുങ്ങി

മാവേലി നിന്നു ഓലക്കുടക്കും പേറ്റൻ്റു വന്നു

പാല്യം പഴവും പാക്കറ്റ് തിന്നു

മാവിൻ്റെ കൊമ്പിൽ കോണം മുറുക്കി

മാവേലി പോയി മാവേന്നു പോയി

# ചുവരെഴുത്ത്

സൌമ്യ ഗോപിനാഥൻ

ഒരു ചുവരിന്റെ ഇരുപുറങ്ങളിൽ
കലണ്ടറിനെ പുതിയ ലിപികളിലേക്ക്
വിവർത്തനം ചെയ്യുകയായിരുന്നു നമ്മൾ.
പകൽനിറങ്ങളിൽ
നിഴലും മിടിപ്പും
ചുവടുകളും ചാലിച്ച്
നിമിഷങ്ങളെ പകർത്തിയെഴുതി.
തമ്മിൽപ്പൊള്ളിച്ച കനൽപ്പാടുകളത്രയും
പൂമരച്ചിത്രങ്ങളായി.
കരച്ചിലുകൾ ചുവരിൽ വിള്ളലായി
എഴുത്തുകൾക്കതിലൂടെ
തമ്മിൽത്തൊടണമെന്നായി
അപ്പോഴും കഴിഞ്ഞുപോകുന്ന
ഓരോ നിമിഷത്തേയും
ഒരു ചുവരിന്റെ ഇരുപുറങ്ങളിൽ
പകർത്തിയെഴുതുകയായിരുന്നു നമ്മൾ.
പഴയ വെയിലിൽ
പഴയ മഴയിൽ
പഴയ മഞ്ഞിൽ
പഴയ കാറ്റിൽ അതൊക്കെയും
പുതിയ കുപ്പായങ്ങളണിഞ്ഞു.
ഈർപ്പം പൊടി വകഞ്ഞു കോറിയ
പൂപ്പൽ വരകളിൽ എഴുത്തുകൾ തമ്മിൽപ്പിണഞ്ഞു.
വിവര്ത്തനത്തിനു പിടിതരാഞ്ഞ
ജീവന് ഇടയ്ക്കുനിന്ന കാൽകുഴഞ്ഞിട്ടാവണം
കുമ്മായമടർന്ന് സിമന്റടർന്ന്
കട്ടകളടർന്ന് ചുവരു പലവഴി നടന്നത്.
എന്നിട്ടുമെന്നിട്ടും എഴുത്തുകളത്രയും
പുതിയ കുപ്പായങ്ങളിലൊരുങ്ങി നിന്നു

# മൂന്ന്

**അക്ഷയ് എം**



ചക്രമുരുണ്ട് തുടങ്ങുമ്പോൾ
ഞാനെവിടെയോ ആണ്,
ഒന്നിലും പെടാതെ.
കാലം അതിലുരഞ്ഞു തേയുമ്പോഴും
ഞാൻ അങ്ങനെ തന്നെ,മാറ്റമില്ലാതെ.

നിറങ്ങൾ തടവറകളന്വേഷിച്ചുപോയ
ബിഥോവന്റെ സംഗീതം പോലെ
ശരീരത്തിൽ മരവിക്കുന്നു.
ക്ഷമിക്കു സുഹൃത്തേ,അത് പിളർത്തി
ജന്മങ്ങളുടെ വിയർപ്പ് പൊഴിച്ചിടാൻ
പുരുഷന്റേത് മാത്രമായ ശരീരമെനിക്കില്ല
പ്രസവിക്കാൻ സ്ത്രീയുടേയും.

കത്തിയും പച്ചയുമായ് വീണ്ടും
ചക്രം തലച്ചോറു പിളർക്കുമ്പോൾ കേൾക്കാം ,
ജീവിതത്തിന്റെ കുരിശുമരണങ്ങൾക്കിടയിൽ
ആശ്വാസമാകുന്ന
ആത്മാവിൻ സന്ധിസംഭാഷണങ്ങൾ.

അല്ലയോ നൂറ്റാണ്ടുകളുടെ കലാകാരാ,
ക്രിസ്തുവിനോ,കൃഷ്ണനോ
ദുർഗയ്ക്കോ,മറിയത്തിനോ
ഇല്ലാത്ത ശരീരമെനിക്കെന്തിനു തന്നു?
എനിക്ക് വേണ്ടിയൊരു ദൈവം
ഇനിയും ജനിക്കാനിരിക്കുന്നുവോ?
അറിയില്ല.

ആകാശത്തു വേരാടുന്ന
സ്വർഗങ്ങളിനിയുമുണ്ടാവട്ടെ
അരക്കെട്ടുകളിൽ തിളങ്ങട്ടെ ലോകം.
എന്നാലുമെനിക്ക് ജീവിച്ചേ മതിയാവൂ,
അറിയാതെ പിറന്നു പോയ് ഞാൻ.

ഉരുളലിന്റെ വേഗതയിൽ
എന്റെ നഗ്നതയെവിടെയോ വെച്ചു
കത്തിത്തീർന്നിരിക്കുന്നു.
ഒന്നും രണ്ടും ആരെന്നറിയാത്ത
മൂന്നായി തുടർന്നുപോകട്ടെ ഞാൻ.
ഏതൊക്കെയോ പൂർണതകളുടെ
മാനങ്ങളിൽ മുട്ടിമരിച്ചുപോയ
സ്വപ്നങ്ങൾ,
ഗുൽമോഹറുകളായ് പൂക്കുന്ന വരെ.



# വശ്യം

## നിഷ നാരായണൻ

"എവിടെയാ"*കുറുവടി"?,
ഈ ഉടൽവഴി ഒന്നുഴിയുക,യതെടോ"..
 വടക്കേപ്പാട്ടെ ഓട് രണ്ട് പൊട്ടിച്ചതും അടുക്കള
വരാന്തയിലെ സ്ഥിരം ഉരുളിയൊന്ന് പറമ്പിന്റെ
കണ്ണെത്താത്തറ്റം കൊണ്ടു കമഴ്ത്തിയിട്ടതും
ഉഗ്രനായി..
"മായച്ചെയ്ത്തൊന്ന് ചെയ്ത് ഈ കൺകൾ
കെട്ടെടോ, ഒരു മദിരയായങ്ങൊഴുകി ആ പുറകെ
വന്നോട്ടെ"..
ഒരു കെട്ട് മുടിയെടുത്തോ, കൃത്യം
അരി തിളച്ചുവരുമ്പോൾ കൊണ്ടിടണം;
മൂശ്ശേട്ട ജാനുവൊന്ന് തിളച്ചു തൂവണം..
"ഈ മുടിച്ചോട്ടിൽ ഒളിസേവയായ്
ഒന്നുവന്നിരുന്നു പോവടോ,
മുടിമിനുക്കത്തിൽ നീയൊന്നലിയട്ടെ,
പെരുങ്കുറുമ്പുകൾ കരിക്കുപോലിളവട്ടെ"..
പുരപ്പുറങ്ങളിൽ നീ,ഏറ്പൂരം നടത്ത്,
രാത്രിഞ്ചരൻമാരെ ഉരുട്ടിവീഴ്ത്താൻ
ഇരുൾക്കുഴികളുണ്ടാക്ക്, നടുവാതിൽക്കൽ
തീയുണ്ടകളെറിഞ്ഞ് നാട്ടുവാഴികളെ ഞെട്ടിക്ക്,
അരമനയിലെ കസവുമുണ്ട്, അടിച്ചുമാറ്റി
ചിരുതയുടെ കുടിമുറ്റത്ത് ഊതിപ്പറത്തിവീഴ്ത്ത്..
"ആ നാലുകാലിപ്പുറത്ത് ഒന്ന് കയറ്റെടോ,
മുക്രയിടും രസവേഗങ്ങളിൽ
നിന്നോടമർന്നിരുന്ന് ഒന്നു കുതികുതിക്കാല്ലോ".
ഇവിടെല്ലാം കരിഞ്ഞു പുകയുകയാണെടോ ..
ചിരി പെയ്തിരുന്ന മഴകളെ കാറ്റുകൊണ്ടോയി,
ചങ്കുണക്കിയുണക്കി വേനല് കട്ടക്കരിയായി,
വേഗം ജീവിച്ചങ്ങ് തീർത്ത് കണ്ടനുംകുറുമ്പനും
തിടുക്കത്തില് തെക്കോട്ട് വെച്ചടിച്ചു,
പെണ്ണൊക്കെയിന്ന് വെറും പുല്ലാടോ..
ഒന്ന് വാ! ആ പോത്ത് പുറത്ത്**
'ഈഴറ 'കൊട്ടിയാടിയുലഞ്ഞ്
നീ വാ.. കളമില്ല, കലശമൊരുക്കാൻ കുടമില്ല,
വെട്ടാൻ നിർത്തിയ പൂവൻ നേര്
ചികഞ്ഞുചികഞ്ഞ് കാടേറി,
പന ചെത്താൻ കേറിയ
ചോകോൻ കുമാരൻ മാനത്തിന്റെ വേലീം പറിച്ച്
ശൂന്യത്തിലേയ്ക്ക് ഒഴുകിപ്പോകെ,
നിനക്ക് മോന്താൻ കള്ളില്ലെടോ...
എങ്കിലും വാ!
നെഞ്ഞു കീറിയലച്ചു വിളിക്കയാണ്,
നീ വാ....
കരളിട്ടു വാറ്റിയ കണ്ണീര് ഊറ്റി
ഈ നീണ്ട വ്യഥയുടെ ലഹരി കുടിക്ക്..
ജീവിതം വിതറിയ കളത്തിൽ വന്നിരി,
'കളംപാന' കേട്ടങ്ങിരി..
കുതികുതിപ്പിന്റെ ചോര തരാം,
ഓട്ടുരുളി തട്ടിയുരുട്ടി പ്രതിരോധത്തിന്റെ
ചുമല പടർത്തും "ഗുരുതി " തരാം,
ഈ പച്ചോലക്കീറില് പെണ്ണുശിരും നേദ്യോം
വെയ്ക്കാം.. വാ,
ആ പോത്ത് പുറത്ത്
ഈഴറ കൊട്ടിയാടിയുലഞ്ഞ് നീ വാ..
"ഒന്ന് പുണരെടോ ഇതെന്തൊരു
പ്രണയമാണെടോ!!!!"

==============================

* ചാത്തൻസ്വാമിയുടെ ആയുധം.

**ചാത്തന്റെ പ്രിയ വാദ്യോപകരണം.

# അധരചിത്രങ്ങൾ

ഇസ്മയില് കല്യാണ്



പവിഴാധരങ്ങള്ക്കി ടയിലൂടെ കാമനപൂത്ത രസമുകുളങ്ങളിൽ നാവേറ്റപ്പോൾ പൂവുടലാകെ പടര്ന്നു കയറിയ

ഒരു വിദ്യുത് തരംഗത്തിൽ അവളൊന്നുലഞ്ഞതായി തോന്നി.

കോട വന്നു പൊതിഞ്ഞ ജനൽ ചില്ലിലൂടെ പുലരി കീറി വരുന്നതിന്റെല നേര്ത്തപ വെട്ടം കാണാം. പാദം മുതൽ ശിരസ്സ് വരെ തണുപ്പ് അരിച്ചു കയറിയതിനാൽ മരവിപ്പ് മാറ്റാൻ ഉടലിന്റെ. ചൂട് പരസ്പരം പകര്ത്തി ഞങ്ങൾ കട്ടിപ്പുതപ്പിനുള്ളിലേക്ക് നൂണ്ടു കയറി.

മദിരാശിയിലെ ഈയൊരു ശിശിരം എനിക്കേറെ പ്രിയപ്പെട്ടതാവുന്നത് മഞ്ഞു പൂത്തുനിന്ന കഴിഞ്ഞ പകലിലാണ് അവിചാരിതമായി ജാനറ്റ് ഒരു ഉഷ്ണമായി എന്നിലേക്ക് പടര്ന്നു കയറിയത്.

മദിരാശി സെന്ട്രലിനു പുറത്തു അഡയാർ ബ്രിഡ്ജ് തുടങ്ങുന്നിടത്ത് താഴെ ഒരു കരിങ്കൽ കുറ്റിയിലിരുന്നു റോഡിലേക്ക് കണ്ണും നട്ടിരിക്കുകയായിരുന്ന എന്റെര മുന്നിലൂടെ കമ്പിളിക്കുപ്പായത്തിൽ പൊതിഞ്ഞ കുറെ ആൺ-പെൺ രൂപങ്ങൾ നിരനിരയായി ജോഗ് ചെയ്തു നീങ്ങുന്നു. മിക്കവരും കോടമ്പാക്കത്തും മദ്രാസിലും പരിസരത്തുമായി സിനിമാ ഭ്രാന്തു കേറി

വര്ഷകങ്ങള്ക്കാ മുമ്പേ ചേക്കേറി പ്രതികൂലതകളോട് മല്ലടിച്ച് താരങ്ങളായവരും അവരുടെ

സില്ബവന്തികളും കുടുംബാംഗങ്ങളും ആണ്. അലസ ജീവിതത്തിന്റെി ദുര്മോദസ്സുകളെ ഉരുക്കിക്കളയാൻ അവരനുഭവിക്കുന്ന കഷ്ടപ്പാട് കണ്ടു എനിക്ക് ഉള്ളിൽ ചിരി വന്നു.

അവര്ക്ക് പിന്നിൽ അനുസരണയോടെ മെല്ലെ നീങ്ങുന്ന ആഡംബര കാറുകളിൽ നിന്നുമുള്ള

മഞ്ഞ വെളിച്ചം പടര്ത്തി യ നിഴലുകൾ കൂറ്റൻ സത്വങ്ങളെപ്പോലെ അവര്ക്ക് മുമ്പേ

പരന്നു നടക്കുന്നുണ്ടായിരുന്നു. ഡിസംബറിന്റെി കാഠിന്യം മുഴുവൻ അന്തരീക്ഷത്തിൽ മൂടി നില്പ്പു ണ്ട്. നിശ്വാസങ്ങള്ക്കൊ പ്പം പുറത്തേക്കു വരുന്ന മഞ്ഞുപുകയിൽ വിണ്ടു കീറിയ

ചുണ്ടുകൾ എരിഞ്ഞു തുടങ്ങി. ശൈത്യം സൂചിമുന പോലെ ഓവര്കോനട്ടിനകത്തേക്ക്

കുത്തിയിറങ്ങുന്നു.

പതിയെ എണീറ്റ് അല്പം മുന്നോട്ടു നടന്നു. എത്ര കൂട്ടിയുരസിയിട്ടും കൈകൾ ചോരയോട്ടം നിന്നു മരവിച്ച പോലെ കിടക്കുന്നു. മൈലാപ്പൂരിലേക്കും തിരുവണ്മിയൂരിലേക്കും വഴി കാണിക്കുന്ന കൂറ്റൻ സൈൻ ബോര്ഡിലന്റെക കാലിൽ ചാരിനിന്നു ഒരു സിഗററ്റിനു തീ കൊളുത്തിയപ്പോൾ അല്പം ആശ്വാസം തോന്നി.

റോഡിനപ്പുറം കടന്നു വശത്തേക്കുള്ള ചെറിയ റോഡിലേക്കിറങ്ങി നടക്കുമ്പോൾ മുന്നിൽ

പ്രത്യേകിച്ച് ലകഷ്യമൊന്നുമുണ്ടായിരുന്നില്ല. നഗരത്തിന്റെങ ആഢ്യഭാവം മാറി ചേരിയുടെ നേര്മുരഖം കണ്ടു തുടങ്ങിയിരുന്നു. ഇടുങ്ങി വരുന്ന റോഡിനിരുവശവും മതിലുകളെല്ലാം ശിവകാശിയിൽ നിന്നും അച്ചടിച്ച് വരുന്ന സിനിമാ പോസ്റ്ററുകളാൽ പൊതിഞ്ഞിരിക്കുന്നു. അവയിൽ വിജ്രുംഭിച്ചു നില്ക്കുന്ന പൌരുഷമുറ്റിയ താരസിംഹങ്ങളുടെ മൂല്യമറിയാതെ അതിൽ പറ്റിയിരിക്കുന്ന വെന്ത മൈദയുടെ മണം പറ്റി ആട്ടുകളും അങ്ങാടിപ്പശു

ക്കളും ഒരറ്റം മുതൽ അവ തിന്നു തീര്ക്കുനന്നുമു ണ്ട്. മണ്ണിൽ തീര്ത്തഒ കുടിലുകള്ക്ക് മുന്നിൽ ചാക്ക് വിരിച്ച പപ്പടവും അരിമുറുക്കും കുടല്ലൊകരിയും പേരറിയാത്ത പലതരം പലഹാരങ്ങളും ഉണക്കാൻ അരങ്ങൊരുക്കുന്ന തിരക്കിലാണ് പെണ്ണുങ്ങൾ. മഞ്ഞു മാറി വെയിൽ വെട്ടം കനത്തു വരാൻ സമയം ഒട്ടേറെ യുണ്ടായിട്ടും ഈ മരം കോച്ചുന്ന തണുപ്പിൽ ഒരു വോയിൽ സാരി മാത്രം ചുറ്റി അവർ ജോലിയിൽ മുഴുകുന്നത് കണ്ടപ്പോൾ അത്ഭുതം തോന്നി. ഉയരമുള്ള കമ്പെടുത്തു അതിൽ കറുത്ത പോളിത്തീൻ കവർ ചുറ്റി കാക്കകളെ വിരട്ടി ഓടിക്കാൻ കരിവീട്ടിയിൽ കടഞ്ഞ ശരീരമുള്ള കൌമാരക്കാർ തയ്യാറെടുപ്പുകൾ നടത്തുന്നു. തെറ്റാലി വെച്ച് കാക്കയ്ക്ക് നേരെ ഉന്നം പിടിക്കുന്ന കുലന്തകളും ജമന്തിയും മുല്ലയും നൂലിൽ കോര്ത്ത് കെട്ടുകളാക്കി നിലത്തു മുട്ടുകുത്തിയിരുന്നു കൊട്ടയിലാക്കുന്ന എണ്ണക്കറു പ്പിൽ തിളങ്ങുന്ന അഴകാന തമിഴ് പെണ്കൊടികളും കണ്ണുകള്ക്ക് ആശ്വാസമേകി.

"ഒരു സിഗററ്റ് തരോ.."

അപ്രതീക്ഷിതമായി വന്ന ആ കിളിമൊഴി കേട്ട് ഒരു നിമിഷം ഞാൻ സ്തബ്ധനായി. കാലങ്ങള്ക്ക മപ്പുറത്ത് നിന്നും എന്നെ തേടി വന്ന ഏറെ പരിചിതമായ ഒരു ശബ്ദം പോലെ അതെന്നിൽ പ്രതിധ്വനിച്ചു. തിരിഞ്ഞു നോക്കിയ എന്റെദ പിന്നിൽ ഉടലാകെ തണുപ്പിൽ വിറച്ചു ഒരു പെണ്കുകട്ടി. വിറയ്ക്കുന്ന ചുണ്ടുകൾ അവള്ക്ക വിതുമ്പുന്ന ഒരു കൊച്ചുകുട്ടിയുടെ ഭാവം പകര്ന്നു . തലയിൽ വെള്ളയും കറുപ്പും കലര്ന്നവ നിറത്തോട് കൂടിയ കമ്പിളി തൊപ്പിയും മേലാകെ മൂടി ഒരു കടും ചുവപ്പ് സ്വെറ്ററും. കൈകൾ രണ്ടും പിണച്ചു വെച്ച് അവൾ ദയനീയമായി എന്നെ നോക്കുന്നു. ചോദിക്കേണ്ടിയിരുന്നില്ല എന്ന് തോന്നിക്കാണണം, അവൾ മെല്ലെ തല താഴ്ത്തി.

"സോറി, ഐ ഷുഡ്ന്റ്റ് ആസ്ക്, മിസ്റ്റെയ്ക്ക ന്റ്..............."

അവൾ ചമ്മലോടെ എന്നെ നോക്കി.

" ഹേയ്... നോ പ്രോബ്ലം, യു ഡിസേര്വ്െ എ സിഗററ്റ് നൌ"

പോക്കറ്റിൽ നിന്ന് ഒരു സിഗററ്റും ലൈറ്ററും എടുത്തു ഞാൻ അവള്ക്ക നീട്ടി. അവൾ സിഗററ്റ് ചുണ്ടിൽ വെച്ച് കത്തിക്കുന്നത് കണ്ടപ്പോഴേ എനിക്ക് ചിരി വന്നു. അവളും എന്നെപ്പോലെ ഒരു "നീഡ്-ബെയ്സ്ഡ് സ്മോക്കർ' ആണെന്ന് എനിക്കുടനെ മനസ്സിലായി. തണുപ്പിൽ വിറയ്ക്കുന്ന അവളുടെ കയ്യിൽ കിടന്നു ലൈറ്റർ നൃത്തമാടിയപ്പോൾ ഞാൻ തന്നെ ലിറ്റ് ചെയ്തു സഹായിച്ചു. ആദ്യ പഫെടുത്തതും അവൾ കുര തുടങ്ങി. കണ്ണുകൾ ചുമന്നു തുടുത്തതോടെ ഞാൻ അവളെ റോഡിൽ നിന്നും മാറിയുള്ള ഒരു കുഴൽ കിണറിന്റെണ ഹാന്ഡ്ന ലിവറിൽ ചാരി നിര്ത്തി .

"മലയാളി തന്നെയല്ലേ...?"

അവളുടെ ചോദ്യം എന്നിൽ വീണ്ടും ചിരിയുണര്ത്തി .

"ഒരു സിഗററ്റ് തരോന്ന് ചോദിച്ചത് പിന്നെന്ത്യേ?

എന്റെര മറുചോദ്യം അവളുടെ മുഖത്തുള്ള പിരിമുറുക്കം കുറച്ചതായി തോന്നി.

"തണുത്തുറഞ്ഞു എന്റെഅ ശ്വാസം തന്നെ നിലച്ചേക്കുമോന്നു പേടിച്ചു പോയതോണ്ടാ സിഗററ്റ് ചോദിച്ചേ, അല്ലാതെ ഇത് പതിവില്ല"

"പതിവില്ലെന്നു ആദ്യവലി കണ്ടപ്പഴേ എനിക്ക് മനസ്സിലായി"

ചമ്മിയുള്ള അവളുടെ ചിരി എന്നെ വീണ്ടും കാലങ്ങള്ക്ക പ്പുറം കാത്തിരുന്ന ആരെയോ ഓര്മ്മിളപ്പിച്ച കൊണ്ടേയിരുന്നു. ഒരു തുടക്കക്കാരിയുടെ എല്ലാ പരിഭ്രമവും ഭാവഹാദിക ളോടെയുമുള്ള അവളുടെ സിഗററ്റ് വലി ഞാൻ മാറി നിന്ന് ആസ്വദിച്ചു. അന്തരീക്ഷത്തിൽ തങ്ങി നില്ക്കുനന്ന മഞ്ഞിന്റെന കട്ടി ആവരണം തുളച്ച കയറാനാകാതെ സിഗററ്റ് പുക അവള്ക്കും എനിക്കുമിടയിൽ അനിശ്ചിതത്വത്തിന്റെക ചാരവലയങ്ങൾ തീര്ത്തു കൊണ്ടിരുന്നു. ധൂമ പടലങ്ങള്ക്ക ള്ളിലൂടെ നിലം തൊടാതെ ഒഴുകി മധുരസ്വപ്നങ്ങളിൽ

പതിവായി വന്നണയാറുള്ള മാലാഖപ്പെണ്കുട്ടി യെപ്പോലെ അവൾ എന്റെ മുന്നിൽ നിറഞ്ഞു നിന്നു. എന്റെ നോട്ടത്തിന്റെ മുനയേറ്റാവണം പരുങ്ങലോടെ അവൾ ഞങ്ങള്ക്കിടയിൽ പുകയൂ തിപ്പരത്തി എന്നെ അവളിൽ നിന്നും മറയ്ക്കാൻ ഒരു പാഴ്ശ്രമം നടത്തി നോക്കി. ഞങ്ങളുടെ നിശ്വാസങ്ങൾ മഞ്ഞിൽ കലര്ന്നാ പുകയിൽ അസ്ഥിരങ്ങളായ രൂപങ്ങൾ വരച്ചും അഴിച്ചും കൊണ്ടേയിരുന്നു.

********************************

മധുരയിൽ നിന്നും കാരൈക്കുടിയിലേ ക്കുള്ള ബസ് യാത്ര ഒരു യുദ്ധഭൂമിയിലെന്ന പോലെ ശബ്ദമുഖരിതമായിരുന്നു. തലയിൽ നിറയെ മുല്ലപ്പൂ ചൂടി ഇരകളെ തേടിയിറങ്ങിയ 'നിശാശലഭങ്ങളും' പണി കഴിഞ്ഞുമടങ്ങുന്ന ഫാക്ടറി തൊഴിലാളികളും പുലര്ച്ച യ്ക്ക് തൊഴിലിടങ്ങളിലെത്തേണ്ട സര്ക്കാാഞർ ജീവനക്കാരും കപ്പടാമീശവെച്ച പോലീസുകാരു മെല്ലാം നിറഞ്ഞ തമിഴ് പൊതുസമൂഹത്തിന്റെ പ്രാതിനിധ്യസ്വഭാവമുള്ള ഒരു സാമ്പിള് ആയിരുന്നു ആ ബസിലെ ആള്ക്കൂഹട്ടം. നേരം പുലര്ച്ചയോടടുത്തു തുടങ്ങുന്നതേയുള്ളൂ. ഓരോ സ്റ്റോപ്പുകളിലും അന്നത്തേക്കുള്ള പത്രക്കെട്ടുകൾ തരം തിരിക്കുന്ന സ്കൂൾ കുട്ടികളെ കാണാം.

രാത്രിയുടെ അവസാന യാമങ്ങളിൽ ഗ്രാമവും നഗരവുമെല്ലാം സുഖസുഷുപ്തിയിലാണ്ടിരിക്കുമ്പോൾ ഇവർ പാതി മുറിഞ്ഞ ഉറക്കത്തില്നിിന്നും ഞെട്ടിയുണര്ന്നു യൂണിഫോമും അണിഞ്ഞു സൈക്കിളിൽ നഗരത്തിലേക്കെത്തി അന്നത്തെ പത്രക്കെട്ടിന്റെ വിഹിതവും ചുമന്നു ഗ്രാമ ഗ്രാമാന്തരങ്ങളിലേക്ക് ചവിട്ടിയെത്തുന്നു. മധ്യവര്ഗ്ഗടത്തിന്റെ പ്രഭാതകാപ്പിക്കൊപ്പം ഗേറ്റ് കടന്നു പറന്നു വരുന്ന ചൂട് വാര്ത്തഗക്കെട്ടുകള്ക്കാ പിന്നിൽ ഇങ്ങിനെയൊരു കൊച്ചുതൊഴിലാളി വര്ഗ്ഗത ത്തിന്റെ പാതിമുറിഞ്ഞ ഉറക്കിന്റെ ഉഷ്ണമുണ്ട്. ഓരോ മൈൽ പിന്നിടുമ്പോഴും കുറഞ്ഞത് ഒരു മൂന്നു അമ്പലങ്ങളെങ്കിലും പിന്നോട്ടോടിപ്പോകു ന്നു. ടൌണുകളോട് ചേര്ന്നു ള്ള ക്ഷേത്രങ്ങള്ക്ക് മുന്നിൽ അതിരാവിലെ യാത്ര പുറപ്പെടുന്നവരുടെ ചെറിയ നിര കാണാം. തൊഴുതു കാണിക്ക വെച്ച് പുറപ്പെട്ടാലേ അവര്ക്ക് അന്നത്തെ ദിവസത്തിന് ഒരു ശുഭാരംഭം കിട്ടൂ. ഉത്സവത്തിനുള്ള ചമയമെന്ന പോലെ മാലകോര്ത്ത ഇലക്ട്രിക് ബള്ബുവകൾ എല്ലാ കൊച്ചു അമ്പലത്തിന്റെയും കവാടത്തിൽ മിന്നി തെളിയുന്നു. ബസ് സ്റ്റോപ്പുകളിൽ ചാക്ക് വിരിച്ചു മൂടിപ്പുതച്ചുറങ്ങുന്ന തെരുവിന്റെ ബാല്യങ്ങളും അമ്മമാരും. മെല്ലെ തെളിഞ്ഞു വരുന്ന പുലര്വെളിച്ചത്തിൽ അവരുടെ പേക്കോലങ്ങൾ പലര്ക്കും അപശകുനം പോലെ കാണപ്പെട്ടു. ഇത്തരം കാഴ്ചകൾ വരുമ്പോൾ ബസിനു മുമ്പിശത്ത് യാത്രക്കാര്ക്കു് അഭിമുഖമായി ഇരുനിരയിലും തുറന്നു വെച്ചിട്ടുള്ള ടെലിവിഷൻ സെറ്റുകളിൽ കാണിക്കുന്ന പഴയ സൂപ്പർ സ്റ്റാർ പടങ്ങളിലേക്ക് അവർ കണ്ണുകളെ മാറ്റിപ്പിടിക്കും, അവനവന്റെ സ്വാര്ത്ഥ തക്ക് നേരെ പുറം ലോകത്തെ നേര്കാപഴ്ചകള് എയ്യുന്ന അമ്പുകളെ തടുക്കാൻ മായക്കാഴ്ച്ചകള്ക്ക്െ കഴിയുമെന്ന തിരിച്ചറിവായിരിക്കണം ഇത്തരം മുഖം തിരിക്കലുകള്ക്ക് പിന്നിൽ.

ഇപ്പോൾ നീണ്ടു കിടക്കുന്ന ചോളവയലുകള്ക്ക്

നടുവിലൂടെയാണ് ബസിന്റെ ഞരങ്ങിയുള്ള പ്രയാണം. ബഹളങ്ങൾ ഏതാണ്ടവസാനിച്ചു പലരും മയക്കത്തിലേക്കു വീണു തുടങ്ങി. ഓഫീസ് ജോലികള്ക്കീ പോകുന്നവർ മാത്രം മുഖം മുഷിയാതിരിക്കാൻ കണ്ണുകൾ ഉരുട്ടിപ്പിടിച്ചു ഉറക്കവുമായി മല്ലിട്ടിരിക്കുന്നു. മുല്ലപ്പൂഗന്ധം പരത്തിയിരുന്നവരൊക്കെയും പലപല ഇടത്താവളങ്ങളിലായി ഇറങ്ങി വിളക്ക് കാലുകളുടെ മറപിടിച്ചു അപ്പുറം ഇരുട്ടിന്റെ സഖികളായി എപ്പോഴേ ഉള്വ ലിഞ്ഞു കഴിഞ്ഞിരുന്നു. പ്രഭാതത്തിന്റെ വരവറിയിച്ചു

അമ്പലങ്ങളിൽ നിന്നും പഴയ കോളാമ്പി സ്പീക്കറുകളിലൂടെ വരുന്ന റിക്കാര്ഡു ഭക്തി ഗാനങ്ങൾ

കൊണ്ട് അന്തരീക്ഷം ശബ്ദ മുഖരിതമായി തുടങ്ങി.

കാരൈക്കുടി സ്റ്റാന്റിലേക്ക് ഒരു ഉലച്ചിലോടെ ബസ് മുരണ്ടു കയറി നിന്നു.

കയ്യിൽ തൂക്കിയ തകരപ്പാത്രത്തിൽ ചായയും നിറച്ചു തെരുവ് കച്ചവടക്കാർ ബസിനു

ചുറ്റും പൊതിഞ്ഞിരിക്കുന്നു. അവര്ക്കി ടയിലൂടെ നൂണ്ടിറങ്ങി ഒരു വിധത്തിൽ ബാഗുമായി പുറത്തേക്കിറങ്ങി. പൊതുടാപ്പിലെ ക്ലോറിൻ കുത്തുന്ന വെള്ളത്തിൽ ഒന്നു മുഖം കഴുകിയതായി വരുത്തി ഞാൻ സ്റ്റാന്റിനു പുറത്തു കണ്ട ഒരു രണ്ടാംകിട ലോഡ്ജിനെ ലക്ഷ്യമാക്കി നടന്നു. മനം പുരട്ടുന്ന ദുര്ഗന്ധം എങ്ങും

പടര്ന്നി രിക്കുന്നതിനിടയിലൂടെ തല്ലിപ്പൊളിഞ്ഞ ലോഡ്ജിന്റെ കുളിമുറിയിൽ നിന്നും ഒരു വിധം കുളിച്ചു വേഗം പുറത്തേക്കു കടന്നു മെയിൻ റോഡിനപ്പുറം കണ്ട ഹോട്ടലിൽ

കയറിയിരുന്നു. മലയാളത്തിലും തമിഴിലും ഇംഗ്ലീഷിലുമൊക്കെയായി കുറെ വിഭവങ്ങളുടെ പേരെഴുതിയ ബോര്ഡ്. ചുവരിൽ തൂങ്ങിയിരുന്നെങ്കിലും അതിലേക്കൊന്നും കണ്ണു പായിക്കാതെ തമിഴ്നാട്ടിലെത്തുമ്പോഴൊക്കെയും കഴിക്കാറുള്ള വടയും ചട്ടിണിയും ഓര്ഡൂർ ചെയ്തു കാത്തിരുന്നു. കാത്തിരിപ്പിന്റെ നീളം കൂടിയതോടെ ചുറ്റുപാടും വന്നിരിക്കുന്നവരെ നിരീക്ഷിച്ചു വെറുതെ

ഷെര്ല്ക്ക് ഹോംസ് കളിച്ചു അല്പം നേരം. നിരീക്ഷണത്തിന്

വിധേയരായവരൊക്കെ പെണ് വര്ഗ മായിപ്പോയതിൽ ഷെര്ലിക്ക് ഹോംസിനെ

പഴിക്കുന്നതിൽ അര്ത്ഥപമില്ലെന്ന് എനിക്കും തോന്നി. തൊട്ടടുത്ത് വന്നിരുന്ന ഒരു

മധ്യവയസ്കനോട് എന്റെ വരവിന്റെ ഉദ്ദേശം അറിയിക്കാനായി ഞാൻ മുരടനക്കി. 'സിക്രി' എന്ന് ചോദിച്ചതും അയാൾ എന്തോ അസഭ്യം കേട്ടത് പോലെ എന്നെ തന്നെ തുറിച്ചു നോക്കി. അപകടം മണത്ത ഞാൻ ഉടനെ ബാഗിൽ നിന്നും ഒരു പേപ്പറെടുത്തു അയാള്ക്ക് നേരെ നീട്ടി.

"സെന്ട്രൽ ഇലക്ട്രോ കെമിക്കൽ റിസര്ച്ച് ഇന്സ്റ്റി ട്യൂട്ട്- കരൈക്കുടി"

ഇംഗ്ലീഷ് വായിക്കാനറിയാവുന്നതിന്റെ ഒരു ഗര്വ്വോ ടു കൂടി അയാൾ കടലാസിൽ നിന്നും മുഖമുയര്ത്തി എന്റെ നേരെ നോക്കി.

"ഇത് താനേ സിക്രി എന്ന് നീന്ക കൂപ്പിട്ടെ?"

"ആമ സാർ"

"അങ്കെ എതുക്ക് വന്തെ"

വീട്ടിൽ വിറക് വെട്ടാനും തോട്ടപ്പണി എടുക്കാനും വരുന്ന 'അണ്ണാച്ചി'കളോട് മാത്രം പറഞ്ഞു പഠിച്ച കൊഞ്ചം തമിഴേ എന്റെ നാക്കിലുള്ളൂ. എന്നാലും വിട്ടു കൊടുത്തില്ല.

"അങ്കെ ഒരു ഫ്രെണ്ടിരിക്ക് സാർ, അവര്ക്കാ കെ കൂപ്പിട്ടു ഒരു മുഖ്യമാന വിഷയം സൊല്ലണം, അതുക്കാകെ വന്തത് സാർ'"

"സെരി, ഇങ്കെ നിന്ന് ഒരു ആട്ടോ പിടിച്ച് അളഗപ്പ ചെട്ട്യാർ കാളേജെന്നു ഡ്രൈവര്ക്കിട്ട് സൊല്ല്. അന്ത കാളേജിക്ക് പക്കം താനേ ഇന്ത സിക്രി"

"റൊമ്പ താങ്ക് യു സാർ"

തമിഴ്നാട്ടിലെത്തുമ്പോൾ എന്നെ കൊളുത്തിവ ലിക്കുന്ന രണ്ടിനങ്ങളാണ് ചമ്മന്തിയിൽ കുതിര്ത്തട വടയും കുഞ്ഞു സ്റ്റീൽ ഗ്ലാസ്സിൽ ചൂടോടെ കിട്ടുന്ന കട്ടിപ്പാല്ചായയും.

ഈയൊരു കോമ്പിനേഷന്റെ രസവും നുകര്ന്ന് എന്നെ സഹായിച്ച ആ നല്ല മനുഷ്യനെ ഒന്നു കൂടി സാർ എന്ന് നീട്ടിവിളിച്ച നന്ദി പറഞ്ഞു ഞാൻ ഓട്ടോ സ്റ്റാന്റിലേക്ക് നടന്നു. പുകച്ച തുടങ്ങിയിരുന്ന സിഗരറ്റ് കുത്തിക്കെടുത്തി മുന്നിലുള്ള ഓട്ടോയിലേക്ക് കയറി:

"സിക്രി"

ഡ്രൈവർ എന്നെ തന്നെ തുറിച്ച നോക്കിയതോടെ ഞാൻ പെട്ടെന്ന് സ്വബോധ ത്തിലേക്ക് മടങ്ങി വന്നു.

"സോറി തമ്പീ, അളഗപ്പ ചെട്ട്യാർ കാളേജ്"

കീശയിൽ കിടന്ന ഒരു മേന്തോൾ ച്യൂയിംഗം നുണഞ്ഞു ഞാൻ സിഗററ്റ് മണം ഇല്ലാതെയാക്കി.

ഓര്മ്മറകൾ വീണ്ടും ആ പഴയ മദിരാശിയിലെ മഞ്ഞിൽ പൊതിഞ്ഞ ഡിസംബറിലേക്ക് മടങ്ങിപ്പോയി.

*************************

പല്ച്ചതക്രങ്ങൾ ചേര്ത്തു വെച്ച പോലെയുള്ള വലിയ ഗേറ്റും കടന്നു മാനം ലക്ഷ്യമിട്ടു വളരുന്ന അശോകമരങ്ങളുടെ നീണ്ട നിരയും പിന്നിട്ടു സിക്രിയുടെ വിശാലമായ ഡിപ്പാര്ട്ട്മെ ന്റല് കെട്ടിടത്തിന്റെ കോറിഡോറിലേക്ക് കയറി. ചുമരിൽ തൂക്കിയ സൂചകഫലകത്തിൽ 'ഇലക്ട്രോ കറ്റാലിസിസ്' എന്നെഴുതിക്കാണിച്ചതു പ്രകാരം നേരെ മൂന്നാം നിലയിലേക്ക് കയറി വശത്തേക്കു നടന്നു.

കാമ്പസിന്റെ ഇടനാഴികളെന്നും നമ്മെ പിന്നിട്ട വസന്തങ്ങളിലേക്ക് കൊളുത്തി വലിക്കും.

അതിന്റെ നീണ്ടു കിടക്കുന്ന വിശാലത, ഇടവിട്ടി ടവിട്ട് വരുന്ന തൂണുകള്ക്ക മറവിൽ നിന്ന് കുറുകുന്ന പ്രണയികളുടെ മര്മ്മകരങ്ങൾ, അതിന്റെ പടിയിൽ നിരയിട്ടിരുന്നു നേരമ്പോക്ക് പറയുന്ന സൌഹൃദക്കൂട്ടങ്ങളുടെ

പൊട്ടിച്ചിരികൾ, മുഷിപ്പൻ ക്ലാസ്സുകളിൽ മനം മടുത്തു ജനലഴികള്ക്കിടയിലൂടെ

ഇടനാഴിയിലേക്ക് മിഴിനട്ടിരിക്കുന്ന സുന്ദരികളുടെ അപ്രതീക്ഷിത കടാക്ഷങ്ങൾ, ദ്വിഗന്തങ്ങളെ

മുഴക്കിയും കടലേഴായിപ്പിരിച്ചും ഭൂമിയെ കിടുക്കിയും മുഷ്ട്ടി ചുരുട്ടി അന്തരീക്ഷത്തിൽ

വിപ്ലവ മുദ്രാവാക്യങ്ങളുയര്ത്തിട ഇടനാഴികൾ നിറച്ച വരുന്ന വിദ്യാര്ത്ഥി സമരങ്ങള്, തെര

ഞ്ഞെടുപ്പടുക്കുമ്പോൾ ഒഴിവു സമയത്തു ക്ലാസുകളിൽ ഇടിച്ചു കയറി വോട്ടഭ്യർത്ഥിമച്ചു പ്രസംഗിക്കാൻ കോപ്പു കൂട്ടി നടക്കുന്ന ഒരു പറ്റം ശുഭ്രവസ്ത്രധാരികളായ സ്ഥാനമോഹികളുടെ ഉലാത്തലുകൾ, കോളേജ് ഡേ ആഘോഷങ്ങള്ക്കിടെ സീനിയേര്സിന്റെ തല്ലിൽ നിന്നും രക്ഷപ്പെടാൻ ഓടിവരുന്ന ജൂനിയർ കിടാങ്ങളുടെ ആര്ത്തനാദങ്ങള്, പിന്നാലെ വരുന്നവരുടെ ആക്രോശങ്ങൾ..... ഇടനാഴികള്ക്ക് പറയാനുള്ള കഥകളെക്കുറിച്ചോര്ത്തു വന്നപ്പോഴേക്കും നീല പ്രതലത്തിൽ വെളുത്ത അക്ഷരങ്ങളിൽ 'ഇലക്ട്രോ കറ്റാലിസിസ് എന്നെഴുതിയ ബോര്ഡ് പ്രത്യക്ഷപ്പെട്ടു. ലബോറട്ടറിയും ഡിമന്സ്ട്രേഷൻ ക്ലാസും ചേര്ന്നി ഒരു വലിയ ഹാൾ. അകത്തേക്ക് കയറിയപ്പോഴേക്കും രൂക്ഷമായ അമ്ലഗന്ധം നാസാരന്ധ്രങ്ങളെ എരിയിപ്പിച്ചു തുടങ്ങി. ലെഡ് ആസിഡ് ബാറ്ററികളുടെയും മഗ്നീഷ്യം റിബ്ബണുകളുടെയും എണ്ണമറ്റ ലോഹ തകിടുകളുടെയും കൂമ്പാരങ്ങൾ അവിടെയിവിടെയായി കൂട്ടിയിട്ടിരിക്കുന്നു. അമ്മോണിയം ലവണങ്ങളുടെയും കാസ്റ്റിക് പൊട്ടാഷിന്റെയും ആലത്തിന്റെയും ബോട്ടിലുകൾ റാക്കിൽ അടുക്കി വെച്ചിരിക്കുന്നതിനിടയിലൂടെ വര്ക്ക്ടേബിളിൽ പല തരം രാസപരീക്ഷണങ്ങളിൽ തിളച്ചു മറിയുന്ന ഗ്ലാസ് റിയാക്ടറുകൾ കാണാം . ചുവരിൽ വിവിധങ്ങളായ ലോഹങ്ങളുടെ രാസഗുണങ്ങളും നിരോക്സീകരണ സ്വഭാവവും കാണിക്കുന്ന ചാര്ട്ടു കളും ചിത്രങ്ങളും. ഒപ്പം അലസ്സാണ്ട്രോ വോള്ട്ടവയുടെയും എഡിസന്റെയും മൈക്കൾ ഫാരഡെയുടെയും സർ ഹംഫ്രി ഡേവിയുടെയും ഫ്രെയിം ചെയ്ത ചിത്രങ്ങൾ കൃത്യമായ അകലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പരീക്ഷണശാലയിൽ ജീവിതം മുഴുവൻ ചിലവഴിച്ചു കണ്ണുകൾ പോലും നഷ്ടപ്പെടുത്തിയ ഹംഫ്രിഡേവിയുടെ ത്യാഗത്തിന്റെ കഥകൾ എന്റെ മനസ്സിലേക്കൊരു നിമിഷം തികട്ടി വന്നു.

"ഹേയ്....................വാട്ട് എ സര്പ്രൈ സ് യാർ ? "

ഹംഫ്രി ഡേവിയെ തന്നെ തുറിച്ചു നോക്കിക്കൊണ്ട് നിന്നിരുന്ന എന്റെ ചുമലിൽ ഒരു തണുത്ത സ്പര്ശംഡ വന്നു വീണു. ഒരു പഴയ ഡിസംബറിൽ അഡയാർ ബ്രിഡ്ജിന്റെ ചുവട്ടിൽ വെച്ച് ഞാനറിഞ്ഞ അതേ തണുപ്പ് എന്നിലേക്ക് അരിച്ചു കയറി.

" അനിശ്ചിതത്വത്തിന്റെ തമോമേഖലകളിലൂടെ പിടിതരാതെ നീന്തിക്കളിക്കുന്ന പരകോടി ഇലക്ട്രോണുകളാൽ നിയന്ത്രിക്കപ്പെടുന്ന എണ്ണിപ്പെരുക്കാൻ കഴിയാത്തത്രയും ആറ്റങ്ങളാൽ രൂപാന്തരം കൊണ്ട ഈ അമ്ള-ക്ഷാര തന്മാത്രകൾ പടര്ത്തി വിട്ട ചാര വലയത്തിനുള്ളിലൂടെ തൂവെള്ള ഉടുപ്പുമിട്ട് മധുരസ്വപ്നങ്ങളിലെന്ന പോലെ ഒഴുകി വരുന്ന എന്റെ രസതന്ത്രജ്ഞേ...."

"എന്താണെന്റെ കാല്പനികാ....."

മാലപ്പടക്കത്തിനു തിരിയിട്ട പോലെ പിന്നീടൊരു പൊട്ടിച്ചിരിയായിരുന്നു കുറെ നേരത്തേക്ക്. രാസലായനികളുടെ കോപത്താൽ അങ്ങിങ്ങായി നിറഭേദങ്ങൾ വന്നു തുടങ്ങിയ വെളുത്ത ആപ്രൺ അഴിച്ചു ചെയറിൽ വിരിച്ച് അവൾ എന്നെയും കൂട്ടി ലാബിനു പുറത്തേക്കു നടന്നു. ഇടനാഴിയും കഴിഞ്ഞു കോണിയിറങ്ങി പുറത്തെ സിമന്റ് ബെഞ്ചിനു അടുത്തേക്ക് നടക്കുമ്പോഴും അവളുടെ ചിരി മുഴുവനായും അടങ്ങിയിരുന്നില്ല. ചിരിച്ചു കലങ്ങിയ

**കാഴ്ച്ചവട്ടം ഓണപതിപ്പ്**

കണ്ണുകൾ മഞ്ഞി വരുന്ന ഉച്ചവെയിലിൽ കൂടുതൽ ചുവന്നു വന്നു.

കാമ്പസ് വിട്ടിറങ്ങാൻ തിരക്ക് കൂട്ടിയ എന്നെ അവൾ ബലമായി സിമന്റ് ബെഞ്ചിലേക്ക് പിടിച്ചിരുത്തി.

"എന്റെ ഡിപ്പാര്ട്ട്മെ ന്റ് ഹെഡ് ഡോ. വാസുദേവൻ സാർ ഇപ്പൊ വരും.

സാറിന് വര്ക്കിന്റെ അപ്ഡേറ്റ് കൊടുത്തിട്ട് നമുക്ക് പുറത്തിറങ്ങാം"

" എന്നാ ശരി, കാത്തു നോക്കാം"

കാറ്റാടി മരത്തിൽ നിന്നും പൊടിഞ്ഞു വീണ നൂല്പോലെയുള്ള അല്ലികൾ

താഴെ പച്ച വിരിച്ചിരിക്കുന്നു. ചില അല്ലികൾ അവളുടെ മുടിയിൽ വീണ

ഒരു കിരീടം പോലെ കുത്തി നില്ക്കുന്നത് കണ്ടു എനിക്ക് ചിരി പൊട്ടി. കാര്യം മനസ്സിലാവാതെ ചോദ്യഭാവത്തിൽ പുരികം വളച്ചു എന്നെ തന്നെ നോക്കി നിന്ന അവളെ ബെഞ്ചിലിരുത്തി മുടിയിഴകളിൽ നിന്നും കാറ്റാടി തുണ്ടുകൾ ഓരോന്നായി ഞാൻ ഊരിയെടുത്തു കയ്യിൽ കൊടുത്തു. എന്റെ ചുമലിലേക്ക് തലചായ്ച്ചു അവൾ വാസുദേവൻ സാറിന്റെ

ക്ലാസിനെക്കുറിച്ചും ഫിലോസഫിയെക്കുറിച്ചുമൊക്കെ വാതോരാതെ പറഞ്ഞു

കൊണ്ടിരുന്നു. കേട്ട് കേട്ട് ആ മഹാത്ഭുതത്തെ കാണാൻ ഞാനും മെയിൻ ഗേറ്റിന്റെ

ഭാഗത്തേക്ക് തന്നെ ആകാംക്ഷയോടെ കണ്ണ് നട്ടിരുന്നു.

ഒരു പോഷ് കാറിൽ കോട്ടും സൂട്ടുമണിഞ്ഞു തലക്കനത്തോടെ കടന്നു

വരുന്ന ഡോ.വാസുദേവൻ എന്ന ഇവളുടെ റോൾ മോഡലിനേയും കാത്തിരുന്ന

എന്റെ കാഴ്ചയിലേക്ക് ഒരു ഹെര്ക്കുലിസ് ഒരുവണ്ടി സൈക്കിളിൽ മുഷിഞ്ഞ വേഷത്തിൽ

മെലിഞ്ഞുണങ്ങിയ ഒരാൾ കടന്നു വരുന്നു. ഒരു വഴിപോക്കനെ കാണുമ്പോലെ

നിര്വികാരനായി അയാളെയും നോക്കി അവളുടെ ചുമലിൽ ചാരിയിരുന്നിരുന്ന

എന്നെ പൊടുന്നനെ തള്ളിമാറ്റി അവള് പിടഞ്ഞെണീറ്റു.

"ടാ, സാർ വരുന്നു".

ഒരു ചില്ലുകൂടാരം തകര്ന്ന മരുന്നതിന്റെ ശബ്ദം എവിടെ നിന്നോ എന്റെ കാതിൽ പ്രതിധ്വനിച്ചു. ഒരു ജീനിയസ് ഉണ്ടാകുന്നതെങ്ങനെയെന്ന ചോദ്യത്തിന് എന്നിലുണ്ടായിരുന്ന

ഉത്തരത്തെ മായിച്ചു കളഞ്ഞു ഞാൻ അവരോടൊപ്പം കാബിനിലേക്ക് നടന്നു.

*********************

കോളേജ് പഠനത്തിനു തമിഴ്നാട് തിരഞ്ഞെടു ക്കേണ്ടി വരുന്ന കാമ്പസ് പ്രണയികളുടെ നഷ്ടവസന്തത്തെ നമുക്ക് 'ടീ ഗാര്ഡഞൻ എക്സ്പ്രസ്സ്' എന്ന് പേരിട്ടു വിളിക്കാം. പലര്ക്കും ചലിക്കുന്ന ഒരു തേയിലക്കാട് തന്നെയായിരുന്നു ഈ തീശകടം. പല ക്രൂപ്പകളും പ്രണയകേളികളുടെ ബാഷ്പം പേറുന്ന മണിയറകളും.

പണ്ട് നീലഗിരിക്കുന്നുകളിൽ തളിര്ക്കു ന്ന തേയില നുള്ളി കെട്ടുകളാക്കി

കൊച്ചിയിലെത്തിക്കാൻ ഓടിയിരുന്ന ഈ വണ്ടി പിന്നീടെപ്പോഴോ നാഗ്ഗരടുത്ത് കാരയ്ക്കൽ നിന്നും ട്രിച്ചി വഴി കൊച്ചിയിലേക്കുള്ള യാത്രാ വണ്ടിയായി ഓട്ടം ആരംഭിച്ചതോടെയാണ് കാമ്പസ്

കുമാരീ കുമാരന്മാരുടെ ഇഷ്ടസങ്കേതമായി മാറുന്നത്. വീക്കെന്റുകളിൽ രാത്രി എട്ടിന് തിരുച്ചിറപ്പള്ളി

ജംഗ്ഷനിൽ 'ടീ ഗാര്ഡതൻ' എത്തുന്നതോടെ ജോഡി തിരിഞ്ഞു കാമുകഹൃദയങ്ങൾ ഒഴിഞ്ഞ

മൂലകൾ തേടി കമ്പാര്ട്ട്മെ ന്റുകളിൽ അലയുകയായി. 'സ്റ്റുഡന്റ്സ് ഒണ്ലിഹ' ട്രെയിൻ എന്ന് തോന്നിപ്പിക്കുന്ന

വിധം ഒരറ്റം മുതൽ മറ്റേയറ്റം വരെ കോളേജ് വിദ്യാര്ഥികകൾ മാത്രമേ വാരാന്ത്യങ്ങളിൽ കാണൂ. അത് കൊണ്ട്

തന്നെ പൊതുജനത്തിന്റെ തുറിച്ചു നോട്ടങ്ങളും സദാചാര പോലീസിന്റെ ശല്യപ്പെടുത്തലുകളു മില്ലാതെ

ഒരു രാത്രി മുഴുവന് അനുഭൂതികളുടെ പാളങ്ങളിലൂടെ അവർ അധരങ്ങളോടിച്ചു കളിച്ച് പുലരുമ്പോൾ

ഒന്നും സംഭവിക്കാത്ത പോലെ എറണാകുളം ജംഗ്ഷന്റെ തിരക്കിലേക്ക് ഒറ്റ തിരിഞ്ഞ് അലിഞ്ഞു ചേരുന്നു.

ചെന്നൈ സെന്ട്രലിൽ നിന്നും ബസിൽ ഈറോഡ് സ്റ്റേഷനിലേക്ക് ഞാനെത്തുമ്പോൾ രാത്രി

പത്തോടടുത്തിരുന്നു. ട്രിച്ചിയിൽ നിന്നും വന്നു കൊണ്ടിരിക്കുന്ന ടീ ഗാര്ഡാൻ എക്സ്പ്രസ്സ് ലക്ഷ്യം വെച്ചുള്ള കാത്തിരിപ്പിന് ഇനിയും ഒരു മണിക്കൂറിന്റെ ആയുസ്സ് കൂടിയുണ്ട്.

ട്രിച്ചിയിൽ നിന്ന് കയറുന്നതിനു മുമ്പ് അവൾ വിളിച്ച് ഞാൻ ഈറോട്ടേക്ക് പുറപ്പെട്ടു

എന്ന് ഉറപ്പു വരുത്തിയിരുന്നു. ടീ ഗാര്ഡ ൻ നല്കുകന്ന സുരക്ഷിതത്വത്തിൽ എല്ലാം മറന്നു ഒരു രാത്രി മുഴുവൻ മനസ്സറിഞ്ഞു സ്വപ്നങ്ങൾ പങ്കിടാൻ തപിക്കുന്ന ഉള്ളുമായി ഞാൻ

സിമെന്റ് ബെഞ്ചിൽ ചാരിയിരുന്നു. പ്ലാറ്റ്ഫോമില് വേളാങ്കണ്ണി മാതാവിന്റെ പള്ളിയിൽ

പോവാന്ട്രിച്ചിയിലേക്കുള്ള ട്രെയിൻ കാത്തിരിക്കുന്ന

കത്തോലിക്കരായ കുറെ കുടുംബങ്ങൾ ഭാണ്ഡങ്ങ ക്കെട്ടുകളുമായി കലപില കൂട്ടിയിരിക്കുന്നുണ്ട്. അവരുടെ

കുഞ്ഞുമക്കൾ എന്റെ മുന്നിലൂടെ കുസൃതി നിറഞ്ഞ ചേഷ്ടകളോടെ ഓടിക്കളിക്കുന്നു. ചിന്ത മുഴുവൻ അവളുമായി അന്ന് പങ്കിടാൻ പോകുന്ന ആ യാത്രയെക്കുറിച്ചായതിനാല് എനിക്കാ കുഞ്ഞുങ്ങളെ

ശ്രദ്ധിക്കാൻ പോലും കഴിഞ്ഞില്ല. ട്രാക്കുകളിലൂടെ ഓലിയിട്ടു ഒരു കൂട്ടം പട്ടികൾ ഓടിപ്പോയി. പിന്നാലെ

ആര്ത്തു വിളിച്ചോടാൻ തുനിഞ്ഞ കുട്ടികളെ തള്ളമാർ ഒറ്റക്കയ്യിൽ തൂക്കിയെടുത്തു കൂട്ടിവെച്ച

ഭാണ്ഡക്കെട്ടുകളിലേക്കെറിഞ്ഞു കണക്കിന് ചീത്ത വിളിച്ചു. കുഞ്ഞുങ്ങളുടെ കൂട്ടക്കരച്ചിൽ ഉയര്ന്നതോടെ

ഞാൻ കുറച്ചപ്പുറം മാറിയുള്ള ബുക്ക് ഷോപ്പിലേക്ക് ഉള്വലിഞ്ഞു. സെൽ ഫോൺ അടിച്ചതോടെ പുറത്തിറങ്ങി

ശബ്ദം കുറഞ്ഞ ഭാഗത്തേക്ക് മാറി നിന്ന് ചെവിയോടു ചേര്ത്ത് വെച്ചു.

"നീയെത്തിയോ.....?"

അവളുടെ ശബ്ദം അപ്പോൾ കടന്നു വന്ന ഒരു ചരക്കുവണ്ടിയുടെ ചൂളംവിളിക്കിടയിൽ

മുങ്ങിപ്പോയെങ്കിലും ഞാനൂഹിച്ചു മറുപടി പറഞ്ഞു.

"ഞാൻ ഈറോഡ് സ്റ്റേഷനില് ഇരിപ്പുണ്ട്. നമ്മുടെ സ്വപ്നപേടകം എവിടെയെത്തി?"

പുറത്തെ ശബ്ദം കനത്തതോടെ ഫോണുമായി ഞാൻ ദീര്ഘദൂര യാത്രക്കാര്ക്കു ള്ള വിശ്രമമുറി യിലേക്ക് കയറി.

"കൊട്ടുമുടി വിട്ടതേയുള്ളൂ, അവിടെയെത്തിയാ ജനറലിലേക്ക് നിന്റെ കൂടെ മാറിക്കയറാം. ഇപ്പൊ ഞാൻ ലേഡീസിലാ ഉള്ളേ. നീ എന്തെടുക്കുവാ?"

"ചുമ്മാ നിന്നേം ഓര്ത്തിരിക്കുന്നു. വേറെന്തു ചെയ്യാൻ"

ഞാൻ വിശ്രമമുറിയിലെ ഒരൊഴിഞ്ഞ കസേര യിലേക്കമര്ന്നുത .

"ഇന്ന് സിഗററ്റൊന്നുമില്ലേ തിന്നു തീര്ക്കാ ൻ"

അവളുടെ ശബ്ദത്തിൽ ആ പഴയ മദിരാശി ശിശിരത്തിന്റെ മധുരമുണ്ടെന്നു തോന്നി അത് ചോദിക്കുമ്പോൾ.

"എന്തിനാണാവോ, പണ്ടത്തെപ്പോലെ കടം വാങ്ങി പുകച്ചു കുരയ്ക്കാനാണോ?"

"പോടാ"

അപ്പുറത്ത് നിന്നും കൊലുസിളകിയ പോലൊരു ചിരി മുഴങ്ങി.

"എന്തായാലും ഇന്ന് സിഗരറ്റ് തിന്നു വിശപ്പ് തീര്ക്കാ നുദ്ദേശമില്ല "

"പിന്നെ...??"

ആകാംക്ഷയിൽ പൊതിഞ്ഞ അവളുടെ ചോദ്യം കേട്ടു ഞാൻ ഊറിച്ചിരിച്ചു.

"പറയാം, നമ്മുടെ തേയിലത്തോട്ടം ഒന്നിങ്ങു വന്നാണഞ്ഞോട്ടേ ശാസ്ത്രജ്ഞേ"

"മനസ്സിലിരിപ്പ് അവിടെത്തന്നെ വെച്ചോട്ടാ.... പാളത്തിലേക്കുന്തിയിടും ഹാ..."

അവൾ പറഞ്ഞു മുഴുമിപ്പിക്കുന്നതിനു മുന്നേ റേഞ്ച് പോയ പോലെ ശബ്ദം മുറിഞ്ഞു മുറിഞ്ഞു ഒന്നും കേള്ക്കാ തെയായി. ഞാൻ ഫോൺ കട്ട് ചെയ്തു വിശ്രമമുറിയിൽ നിന്നും പുറത്തു

കടന്നു അടുത്തു കണ്ട ഒരു ടീ സ്റ്റാളിന് പുറത്തെ സ്റ്റൂളിലേക്കിരുന്നു. എതിര്വശത്തെ പ്ലാറ്റ്ഫോമിൽ വന്നു

ചേര്ന്ന് ഒരു യാത്രാ വണ്ടിയുടെ വാതിലിനടുത്ത് പുറത്തേക്കു കാലിറക്കിയിട്ട് കളി പറഞ്ഞിരിക്കു ന്ന ഒരു കൂട്ടം വെറുതെ കൈ വീശിക്കാണിക്കുന്നു.

യാന്ത്രികമായി ഞാനും തിരിച്ചു കൈ ഉയര്ത്തി വീശി.

അവര് ആരവമുയര്ത്തി വീണ്ടും അവരുടേതായ ലോകത്തിലേക്ക് ചുരുങ്ങി.

ഞാൻ കയ്യിലിരുന്ന പേപ്പർ ഗ്ലാസ് തറയിലിട്ടരച്ചു എഴുന്നേറ്റു. പത്തുമണിയാവാൻ ഇനിയും അല്പതനേരം കൂടി ബാക്കി കിടക്കുന്നു. ടീ

ഗാര്ഡലന്റെ വരവറിയിക്കുന്ന അറിയിപ്പും കാത്തു ഞാൻ വീണ്ടും ബുക്ക് ഷോപ്പിലേക്ക് കയറി. അനാകര്ഷകമായ ചട്ടയിൽ

അരവിന്ദ് അഡിഗയുടെ 'ലാസ്റ്റ് മാൻ ഇൻ ടവർ' മുന്നിൽ തന്നെ കിടക്കുന്നു.

അതിന്റെ പേര് തന്നെ വായിച്ചെടുക്കാൻ ഏറെ പണിപ്പെടേണ്ടിവന്നു.

അത്രയ്ക്ക് അരോചകമാണ് അതിന്റെ ഫ്രന്റ് കവർ ലേ ഔട്ട്.

അത് ചെയ്തവനെ പ്രാകിക്കൊണ്ട് ഞാൻ ഉള്ളിലേക്ക് നടന്നു. അപ്പുറം ഒരു ചെറിയ പുസ്തകം

അതിന്റെ ചട്ടയിൽ നല്കിയ ഐശ്വര്യം സ്ഫുരിക്കുന്ന തമിഴ് പെണ്കൊലടിയുടെ മുഖച്ചിത്രത്താൽ പെട്ടെന്ന് കണ്ണുകളെ വശീകരിച്ചു. തമിഴ് വായിക്കാനറിയില്ലെങ്കിലും സല്മകയെന്ന തമിഴ് കവിതാനഭസ്സിലെ ആ പുതുനക്ഷത്രത്തെ പെട്ടെന്ന് തിരിച്ചറിഞ്ഞു.

ഒരു കൌതുകത്തോടെ അതെടുത്തു വെറുതെ മറിച്ചു നോക്കുന്നതിനിടെ ഷോപ്പിനു മുന്നിലൂടെ പ്ലാറ്റ്ഫോം നിറഞ്ഞു പതിവില്ലാത്ത വിധം

ആർ പി എഫിലെ പോലീസുകാർ ദ്രുതഗതിയില് നടക്കുന്നത് കണ്ടതോടെ സല്മയെ തല്സ്ഥാനത്തു തന്നെ

അടച്ചു വെച്ച് ഞാൻ പ്ലാറ്റ്ഫോമിലേക്കിറങ്ങി വല്ല പോക്കറ്റടിക്കാരനും മുന്നിലോടിപ്പോകുന്നുണ്ടോ എന്ന് എത്തി നോക്കി. ഒന്നും വ്യക്തമാകുന്നുണ്ടായിരുന്നില്ല. അകലേക്ക് തന്നെ ഉറ്റുനോക്കി ആള്ക്കൂട്ടത്തിൽ നിന്നിരുന്ന എന്നെയടക്കം ഒട്ടേറെ പേരെ വശത്തേക്ക് തള്ളി മാറ്റി

പോലീസുകാർ വിസിൽ മുഴക്കിക്കൊണ്ട് പ്ലാറ്റ് ഫോം വിട്ടിറങ്ങി ട്രാക്കിനിരുവശത്തേക്കും മാറി മുന്നോട്ടോടുന്നത് കണ്ടതോടെ കാര്യമായെന്തോ സംഭവിച്ചിട്ടുണ്ടെന്ന് തോന്നി.

വല്ലവനും ഒരു രൂപ നാണയം മുടക്കി ബോംബു ഭീഷണി മുഴക്കിയോ എന്ന സന്ദേഹവുമായി

ഞാനും ആള്ക്കൂട്ടത്തോടൊപ്പം ട്രാക്കിലൂടെ മുന്നോട്ടോടി. ട്രാക്കിലങ്ങോളം പതിയിരിക്കുന്ന എലികളെ ചവിട്ടിയും ഭക്ഷണാവശിഷ്ടങ്ങളില് പരതി നടക്കുന്ന ചാവാലി പട്ടികളെ തലോടിയും

ഓട്ടം തുടര്ന്ന് കൊണ്ടേയിരുന്നു. മുക്കാൽ മൈലോളം മുന്നോട്ടെത്തിയതോടെ ഒട്ടും

വെട്ടമില്ലാതായിക്കഴിഞ്ഞു ട്രാക്കും പരിസരവും. മുന്നിലോടുന്നവന്റെ ഒഴുക്കിനനുസരിച്ചായി പിന്നീടുള്ള

പ്രയാണം. അകലെ പിടിച്ചിട്ടിരിക്കുന്ന ഏതോ ഒരു വണ്ടിയുടെ ഒറ്റക്കണ്ണൻ വെട്ടം

കണ്ണിലേക്കെത്തിത്തുടങ്ങിയതോടെ ഓട്ടത്തിന്റെ വേഗത കൂട്ടി. പാളത്തിന്റെ വശത്ത് മണ്ണിൽ ഉറപ്പിച്ചു

നിര്ത്തി യ ഒരു ലോഹക്കുറ്റിയിൽ ചെറുവിരലിടിച്ചു മുറിഞ്ഞ് കടുത്ത വേദന തുടങ്ങിയിട്ടും

ശ്രദ്ധിക്കാൻ നിന്നില്ല. ബോഗി വിട്ടിറങ്ങിയ യാത്രക്കാർ വണ്ടിയുടെ പിന്നറ്റവും കഴിഞ്ഞു

ഏറെ ദൂരെയായി പാളത്തിന്റെ ഒരു വശത്തായി തടിച്ചു കൂടി നില്ക്കു ന്നത് കാണാം. ഓടിയെത്തി

ആള്ക്കൂട്ടത്തിലൂടെ തുളച്ചു കയറി മുന്നോട്ടു നീങ്ങിയ എന്റെ കണ്ണിൽ 'കാരയ്ക്കൽ-എറണാകുളം' എന്നെഴുതി കമ്പാര്ട്ട്മെ ന്റിന്റെ ചുവരിൽ പതിച്ച നരച്ച മഞ്ഞയിലുള്ള ബോര്ഡ്

ഒരു പാട് തവണ ഒരു തിരച്ചിത്രത്തിലെ റീലുകൾ പോലെ വേഗത്തില് പിന്നോട്ട് മിന്നി

മറഞ്ഞുകൊണ്ടിരുന്നു. വണ്ടിയുടെ മുഴുനീളവും പിന്നിട്ടു പാളത്തിനപ്പുറം അല്പം താഴെയായുള്ള

കുറ്റിക്കാടിനടുത്തേക്ക് ഒരു അഭ്യാസിയെപ്പോലെ ഞാൻ നൂണ്ടിറങ്ങി.

സെര്ച്ച് ലൈറ്റുകളുമായി

വട്ടമിട്ടു നില്ക്കു ന്ന പോലീസുകാര്ക്കിതടയിലൂടെ പാളി നോക്കിയ എന്റെ കണ്ണുകളിലേക്ക് ഒരു ശിശിരമാകെ

മൂടി നിന്ന മഞ്ഞുപാളികൾ ഒന്നിച്ചുരുകി ഒരു മലവെള്ളപ്പാച്ചിലായി

ഇരച്ചു വന്നു. ഞാനും എന്റെ പ്രണയവും ഉറഞ്ഞുറഞ്ഞു ഒരു ശില പോലെയായി മാറി ആ

ഒഴുക്കിലും ഒട്ടും കുളിരറിയാതെ തരിച്ചു നിന്നു. ചുറ്റും ഒരുപാട് ഒറ്റക്കയ്യന്മാർ വികൃതമായ ചലന

ങ്ങളുമായി നൃത്തം ചെയ്യുന്നതായി തോന്നി.
ഒരശരീരി പോലെ അവളവസാനം ഫോണിൽ
മൊഴിഞ്ഞ വാക്കുകൾ എനിക്ക് ചുറ്റും
പ്രതിധ്വനിച്ചു കൊണ്ടേയിരുന്നു.

"പാളത്തിലേക്കുന്തിയിട്ടും ഹാ...."

************************************

# അതിജീവനത്തിന്റ്റെ ആദ്യ പാഠങ്ങൾ



## മഹേഷ് കൊട്ടാരത്തിൽ

ബാംഗ്ലൂർ: 2005 ഏപ്രിൽ മാസത്തിലെ രണ്ടാമത്തെ ആഴ്ച, പതിവ് പോലെ അന്ന വൈകീട്ടും അമ്മയെ വിളിച്ചു.

“നീ എന്ന വരും? വിഷുവിന് ഇനി കുറച്ചു ദിവസങ്ങളെ ഉള്ളൂ”

“വന്നാൽ ശരിയാവില്ല – ഒരാഴ്ച പോകും. പ്രൊജക്ടിന്റെ  അവസാന ഘട്ടം ആണ് പിന്നെ ബസിലും ട്രെയിനിലും ഒന്നും ടിക്കറ്റും കിട്ടില്ല. എല്ലാം നേരത്തെ തന്നെ സോള്ഡൌ ട്ട് ആയിക്കാണും” ഞാൻ മറുപടി പറഞ്ഞു.

“നീ വരില്ലെങ്കിൽ ഈ വര്ഷം വിഷുക്കണിയും സദ്യയും ഒന്നും ഒരുക്കുന്നില്ല കുട്ടികള്ക്ക് വേണ്ടെങ്കിൽ പിന്നെ ഞങ്ങള്ക്കെ ന്തിനാ” അമ്മയുടെ ശബ്ദത്തിൽ പരിഭവം സ്പഷ്ടമായിരുന്നു.

അപ്പാര്ട്ടുമെന്ടിനൽ എത്തിയപ്പോൾ കൂട്ടുകാർ വിഷു പ്രമാണിച്ച് ബംഗ്ലൂർ തന്നെയുള്ള ബന്ധുക്കളുടെ വീട്ടിൽ പോകുന്ന കാര്യം പറയുന്നു

ബാംഗ്ലൂരിൽ എനിക്ക് അടുപ്പമുള്ള ഒരേയൊരു ബന്ധു അമ്മയുടെ അകന്ന ബന്ധത്തിലുള്ള ബാലൻ അങ്കിൾ ആണ്. ചിലപ്പോളൊക്കെ വീക്കെന്ഡി ൽ അവിടെ പോകാറുമുണ്ട്. പക്ഷെ എന്തോ, വിഷുവിന് അവിടെ പോകാൻ തോന്നിയില്ല. ഞാൻ വീട്ടിൽ ഇല്ലാത്ത ആദ്യ വിഷു സഹമുറിയനും ബാല്യം തൊട്ടുള്ള സുഹൃത്തുമായ അരുണിനോട് കാര്യം പറഞ്ഞു. അവൻ പറഞ്ഞു “നിനക്ക് പോകണമെന്നുണ്ടെ ങ്കിൽ പൊയ്ക്കോ വിഷു സീസൻ അല്ലേ, ട്രെയിൻ, ലക്ഷ്വറി ബസ് ഒന്നും നോക്കണ്ട മജസ്റ്റിക്കിൽ നിന്നു കോയമ്പത്തുര്ക്കു് തമിഴ്നാട് ട്രാന്സ്പോ ര്ട്ട്സ കോര്പ്പറേഷന്റെക ബസ് കാണും, അവിടുന്ന് പാലക്കാട്, തൃശ്ശൂർ അങ്ങനെ കയറി ഇറങ്ങിപ്പോകണം. ലക്ഷ്വറി ബസിൽ 14 മണിക്കൂർ മതി, പക്ഷെ ഇത് ഒരു ദിവസത്തെ യാത്ര കൂട്ടിക്കോ”

*****

അവസാനം പോകാൻ തന്നെ തീരുമാനിച്ചു. വര്ഷനത്തിൽ ഒരിക്കൽ മാത്രം വരുന്ന ഓണത്തിനും വിഷുവിനും ഒക്കെ കുടുംബത്തോടൊപ്പം കഴിഞ്ഞില്ലെങ്കിൽ പിന്നെ എന്തു ജീവിതം? എന്തു പ്രോജെക്റ്റ്? ഈ പ്രൊജെക്ട്ടുകൾ ചെയ്യുന്നത് തന്നെ കുടുംബത്തിനു വേണ്ടി അല്ലേ?

അങ്ങനെ ഏപ്രിൽ 12 ന് ഉച്ചവരെ കമ്പനിയിൽ പോയി അവിടെനിന്നു നേരെ ബസ് സ്റേഷനിലേക്കും.അമ്മയ്ക്കും പെങ്ങള്കുംചവ വാങ്ങിയ സാരിയും ചുരിദാറും പിന്നെ അല്ലറ ചില്ലറ സാധനങ്ങളുമൊക്കെയായി ഭാരമേറിയ ഒരു ബാഗ് പുറത്തുണ്ട്. ബാംഗ്ലൂർ മജസ്റ്റിക്കിലെ ഇന്റ്റ്–സ്റേറ്റ് ബസ് ടെര്മിണനൽ പരിസര ത്തേക്ക് അടുക്കാൻ പോലും ആവാത്ത തിരക്ക്. ഉത്സവപ്പറമ്പില്ക്കൂടെ നടക്കുന്ന പ്രതീതി. ഓരോ ബസും നിറഞ്ഞ് തൂങ്ങി നിന്നു യാത്ര ചെയുന്ന ആളുകൾ

തിരികെ അപ്പാര്ട്ട്മെ ന്റിലേക്കു പോയാലോ എന്നാലോചിക്കുമ്പോൾ പിന്നിൽ നിന്നും ഒരു വിളി “ഡായ് മഹേഷ്, നാട്ടുക്ക് പോകലൈയാ?”

സുഹൃത്തും സഹപ്രവര്ത്തെകനുമായ സെന്തിൽ ആണ്– കോയമ്പത്തൂർ മച്ചാൻ.

“ആമാണ്ടാ, ആനാ ഒറ്റ ബസിലും സീറ്റ് കിടയാത് പാരെടാ.. എപ്പടി കോവൈ വരേയ്ക്കും ഇന്ത മാതിരി ട്രാവൽ പണ്ണിട്ടും?” ഞാൻ അറിയാവുന്ന തമിഴിൽ പേശി.

“കവലൈപ്പെടാത് മച്ചാ വാങ്കോ” അവൻ എന്നെ കൂട്ടി ഒരു ഗാരേജിലേക്ക് നടന്നു. അവിടെ ഉണ്ടായിരുന്ന ഒരു ബസിലെ കണ്ടക്ടറോട് എന്തോ സംസാരിച്ചു. കുറച്ചു രൂപ കൊടുക്കുന്നതും കണ്ടു. ബോര്ഡ്ട വെക്കാതെ ഗാരേജിൽ കിടന്ന ഒരു ബസിലേക്ക് അയാൾ

ഞങ്ങളെ നയിച്ചു.

"അന്ത ബസ് ഒൺ അവറുക്ക് ഉള്ളൈ പുറപ്പെടും – സേലം വരേയ്ക്കും പോകലാം" സെന്തിൽ പറഞ്ഞു.

സേലമെങ്കിൽ സേലം – അവിടെ ചെന്നിട്ട് ബാക്കി നോക്കാം.

*****

സേലത്ത് എത്തിയപ്പോൾ രാത്രി 9 മണി. സെന്തിൽ അവന്റെക സേലത്തുള്ള അമ്മാവന്റെല വീട്ടിലേക്ക് പോയി. എന്ക്വലയ റിയിൽ അന്വേഷിച്ചപ്പോൾ കൃത്യം 9:30 ന് പാലക്കാടിന് ഒരു സൂപ്പർ ഫാസ്റ്റ് ഉണ്ടെന്നറിഞ്ഞു. അത് കഴിഞ്ഞാൽ പിന്നെ വളരെ താമസിക്കും. അത്താഴം കഴിക്കാൻ സമയമുണ്ട്– ഉച്ചക്ക് ഭക്ഷണം കഴിക്കാത്തതിന്റെയും, വലിയ ബാഗും തൂക്കി ഓരോ ബസ്സിന്റെടയും പിന്നാലെ ഓടി പരാജിതനായതിന്റെയും ക്ഷീണം വിശപ്പിന്റെ രൂപത്തിൽ വിളി തുടങ്ങി. ബസ് സ്റ്റാന്ഡിനോട് ചേർന്നു തന്നെ ഒരു വെജിറ്റേറിയൻ ഹോട്ടൽ കണ്ടു അതിന്റെ ഒരു പ്രവേശന കവാടം ബസ് സ്റ്റാന്ഡിലേക്കും മറ്റൊരു കവാടം ഹോട്ടലിനപ്പുറത്തുകൂടി പോകുന്ന റോഡിലേക്കും ആയിരുന്നു. തമിഴ്നാട്ടിൽ ചെന്നാൽ ഒരിക്കലും ഒഴിവാക്കാത്ത കട്ടത്തൈരും കൂട്ടി വെള്ളച്ചോറ് സുഖമായി ഉണ്ടു.

കൈ കഴുകാനായി ടാപ്പ് തിരിക്കവെ വെറുതെ ജനലിൽ കൂടി പുറത്തേക്കു നോക്കി. ആളുകൾ ഭക്ഷണം കഴിച്ച എച്ചിലില ഹോട്ടലിന്റെക പിന്നിൽ ഒരു കുന്നുപോലെ കൂടിക്കിടക്കുന്നു. തെരുവുനായ്ക്കൾ അവയിൽ അവശേഷിച്ച ഭക്ഷണം കഴിക്കാൻ കടിപിടി കൂട്ടുന്നു. ഒറ്റ നോട്ടത്തിൽ എനിക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല. ഏതൊരു ഹോട്ടലിന്റെകയും പിന്നാമ്പുറത്ത് ഇത്തരം കാഴ്ചകൾ കാണാം

പെട്ടെന്ന്ൻ ഒരു ഞെട്ടലോടെ ഞാൻ ആ കാഴ്ച കണ്ടു.കറുത്ത് മെലിഞ്ഞുണങ്ങി അസ്ഥിപഞ്ജരം പോലെയായ, കഷ്ടിച്ച് മൂന്നോ നാലോ വയസ് പ്രായം തോന്നിക്കുന്ന ഒരു കുഞ്ഞ് ആ ഇലക്കൂട്ടത്തിലേക്ക് ഇഴഞ്ഞു വന്നു. ഒരു വറ്റു ചോറിനായി ആ കുഞ്ഞ് കടിപിടി കൂട്ടുന്ന പട്ടികളുടെ മുഖം തള്ളിമാറ്റുന്നു ഒരു നിമിഷം ഞാൻ സ്തബ്ധനായി നിന്നു എനിക്ക് ആ കുഞ്ഞിനു വേണ്ടി എന്തെങ്കിലും ചെയ്യണമായിരുന്നു കുറഞ്ഞ പക്ഷം അവനെ ആ വൃത്തികെട്ട അവസ്ഥയിൽ നിന്നും എടുത്തു മാറ്റി അല്പം ഭക്ഷണം എങ്കിലും വാങ്ങിക്കൊടുക്കണം

പെട്ടെന്ന് പാലക്കാടിനുള്ള സൂപ്പര്ഫാസ്റ്റ് ബസ് സ്റ്റാന്ഡിൽ എത്തിയിരിക്കുന്നു– എന്നുള്ള അനൌണ്സ്മെന്റ് ഞാൻ കേട്ടു ക്ഷീണം, കുടുംബത്തോടൊപ്പമുള്ള വിഷു എനിക്ക് ആ ബസ് മിസ് ചെയ്യാനാവില്ല. ഹോട്ടലിലെ ബിൽ കൊടുത്ത്, ഭാരിച്ച ഹൃദയവുമായി ഞാൻ ബസിനു നേരെ ഓടി

എനിക്ക് സീറ്റ് കിട്ടി, എങ്കിലും ആ രാത്രി ഉറങ്ങാനായില്ല ഞാൻ ചുറ്റും നോക്കി–ബസിലുള്ള എല്ലാ യാത്രക്കാരും സുഖമായി ഉറങ്ങുന്നു– എനിക്കും, യാത്രാക്ഷീണവും, തലവേദനയും, ശരീര വേദനയും ഒക്കെയുണ്ടായിരുന്നു. – പക്ഷെ ഉറക്കം എന്നെ വിട്ടുനിന്നു. അന്നു രാത്രി മുഴുവനും ഞാൻ കറുത്ത് മെലിഞ്ഞ ആ കുഞ്ഞിനെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്നു അവൻ അല്പം ഭക്ഷണത്തിന് വേണ്ടി തെരുവു നായ്ക്കളോട് പൊരുതുന്നു – എനിക്ക് ഒരിക്കലും സങ്കല്പിക്കാനാവാത്ത കാര്യം. എനിക്ക്, എന്റെച നെഞ്ചിനു മുകളിൽ ഒരു വലിയ കല്ലെടുത്ത് വെച്ചിരിക്കുന്നത് പോലെ, ശ്വസിക്കാൻ ബുദ്ധിമുട്ട് തോന്നി. ആ കറുത്തു മെലിഞ്ഞ കുഞ്ഞിനെ ഓര്ത്തു് എന്റെന കണ്ണുകൾ നിറയുന്നതിൽ നിന്ന് എന്നെ തടയാൻ എനിക്കാവുമായിരുന്നില്ല. ലോകത്തുള്ള, ഭക്ഷണം ലഭിക്കാത്ത എല്ലാ കുഞ്ഞുങ്ങള്ക്ക് വേണ്ടിയും ഞാൻ തീരുമാനിച്ചു– ഇനി ഭക്ഷണം പാഴാക്കില്ല

*****

എന്റെം അമ്മ പലപ്പോഴും പറയുന്ന കാര്യം ഞാൻ ഓര്മിച്ചു – "അന്നദാനം മഹാദാനം ആണ് മോനെ– നിനക്ക് പണമോ മറ്റെന്തെങ്കിലും വസ്തു കൊടുത്തോ ഒരാളെയും തൃപ്തനാക്കാൻ കഴിയില്ല – ഭക്ഷണമല്ലാതെ!!!"

ഭക്ഷണത്തിന്റെം വില ഒന്നു വേറെതന്നെ

എന്റെത കുട്ടിക്കാലത്ത്, ഞാൻ ഭക്ഷണം പാഴാ
ക്കിക്കളയുമ്പോൾ എന്റെമ മാതാപിതാക്കൾ
എന്നോട് പറയുമായിരുന്നു "നിന്നെ നന്നായി
നോക്കാൻ ഞങ്ങൾ ഉള്ളതുകൊണ്ടും ശരിയായ
വിശപ്പ് നീ അറിയാത്തത് കൊണ്ടും ഭക്ഷണത്തി
ന്റെക വില നിനക്കറിയില്ല. ഒരു നേരം ആഹാരം
കിട്ടാത്ത എത്രയോ കുഞ്ഞുങ്ങൾ ഈ ലോകത്തു
ണ്ടെന്ന് നിനക്കറിയാമോ?"

*****

"അര്ഹ തയുള്ളവയുടെ അതിജീവനം" (Survival
of the Fittest) എന്ന ഹെര്ബ ര്ട്ട്ട സ്പെന്സ്സഹ
റിന്റെവ തിയറിയിൽ പറയുന്നതുപോലെ – ഈ
ലോകം അതിജീവിക്കുന്നവന് വേണ്ടിയുള്ളതാ
ണ്. അതിജീവനത്തിനായ് ഈ ലോകത്തിലുള്ള
എല്ലാവര്ക്കും  സാഹചര്യങ്ങളുമായി
പൊരുതേണ്ടിയും വരും. വിജയി ജീവിക്കും,
പരാജിതൻ നശിക്കും. ചരിത്രം പോലും
വിജയിയുടെ ജീവിതകഥയാണ് – പരാജിതന്റെക
അല്ല.

സേലം ബസ് സ്റ്റാന്ഡിഥലെ ഹോട്ടലിൽ നിന്നും
ഞാൻ കണ്ടതും അതുതന്നെയാണ്–

"നിലനില്പ്പിനായുള്ള സമരം– ജീവനും, അതി
ജീവനത്തിനും വേണ്ടിയുള്ള പൊരുതൽ പിന്നെ–
തീര്ച്ച്യയായും ഭക്ഷണത്തിന്റെന വിലയും "

*****

സേലം ബസ് സ്റ്റാന്ഡിയൽ കണ്ട
പേരറിയാത്ത, കറുത്ത്മെലിഞ്ഞ  കുഞ്ഞേ, നീ
ഇന്നെവിടെയാണെന്ന് എനിക്കറിയില്ല.
നിനക്കായി ഒന്നും ചെയ്യാനാവാതെ സ്വാര്ത്ഥമ
നായി മടങ്ങിയ അന്നത്തെ എന്നെക്കുറിച്ചോ
ര്ത്ത്ു എനിക്കു ലജ്ജയുണ്ട്. പക്ഷെ, ജീവിതത്തെ
ക്കുറിച്ചുള്ള എന്റെി കാഴ്ചപ്പാടിൽ നീ വരുത്തിയ
മാറ്റം – അത് വളരെ വലുതാണ് – നന്ദി.

എനിക്കറിയാം ഈ കുമ്പസാരം ഒരു പരിഹാരവും
അല്ല എന്ന് പക്ഷെ പ്രിയപ്പെട്ട കുഞ്ഞേ–
എനിക്കിതു ചെയ്തേ മതിയാകൂ!!!

# കവിത - പോലെ

സന്ഡൂപ്.കെ.നാരായണൻ.



ഞാൻ ' പോലെ '.

സ്വന്തമായി ഒന്നും ഇല്ലാത്തവൻ..

ചിലപ്പോൾ ചിലരുടെ

ചിലതാവാൻ പറ്റാതെ പോയവൻ !

ചിലപ്പോഴൊക്കെ ചിലതിന്റെ

ചിലതിനേക്കാൾ ഉയർന്നു നിന്നിട്ടുമു

ണ്ട് രണ്ടു വീട്ടുകാർക്കിടയിൽ നിൽക്കുമ്പൊഴും,

രണ്ടു നാട്ടുകാർ തമ്മിലുള്ള ചർച്ചയിലും,

എന്തിനേറെ പറയുന്നു ഏതെങ്കിലും

രണ്ടു വസ്തുക്കൾ പോലും ഞാനില്ലാതെ വെറും

രണ്ടു വസ്തുക്കൾ മാത്രമാകുന്നു!

ജനനങ്ങൾ മുതൽ മരണങ്ങൾ വരെ

എന്നെയുപയോഗിച്ച്,

ഒന്ന് മറ്റൊന്നിനേക്കാൾ –മികച്ചതാകുന്നു...!

ജനിച്ചപ്പോൾ തൊട്ട് ഞാൻ

ഞാനല്ലാതായവനാണ്...

ഇടയിൽ നിന്ന് മടുത്ത ഈ ജീവിതം

പോകുമ്പോഴൊക്കെ,

പാരതന്ത്ര്യത്തിന്റെ വല്ലാത്ത സുഖമില്ലായ്മ

ഞാൻ അനുഭവിക്കുന്നുണ്ട്.

അല്ലെങ്കിലും സ്വാതന്ത്ര്യം 'പോലെ'

മറ്റെന്തുണ്ട് മണ്ണിൽ....!!!

# പ്രണയാനന്തര ഭാഗംവെപ്പുകൾ

മണി സാരൻങ്ങ്



പരസ്പരം നോക്കി നോക്കി കുടിച്ചു വറ്റിച്ച ഉമ്മ
വെച്ചുമ്മവെച്ചു തിളക്കിയെടുത്ത കണ്ണുകൾ
ഉടയാതെ നിറയാതെ തിരികെക്കൊടുത്തു.
മൂക്കാത്ത പ്രേമക്കണ്ണിമാങ്ങാച്ചുനമണം
കോര്ത്തത നാവുകൾ ഇണപിരിയാതെ
ഊരിയെടുത്തു. ചുംബന ഉറവകൾ ഊറ്റിയെടുത്ത
ഉമിനീർ അളന്നെടുത്ത് മില്ലിപോലും കുറയാതെ
കൈമാറി ചുംബനം കൊണ്ട ഉടൽപാട്ടുകളിലെ
പതിനാറായിരത്തെട്ടടയാളങ്ങളിൽ
കാഞ്ഞിരപ്പശ തേച്ചുതേച്ചു കൈപ്പിച്ചു.
ഞങ്ങള്ക്ക്ശ മാത്രം പച്ചച്ചുനിന്ന സ്മരണകളെ
മറവിപ്പനിയുള്ള അരണകള്ക്ക്ശ തിന്നാൻ
കൊടുത്തു. സ്വപ്നഗ്രന്ഥികൾ നക്കിയെടുത്ത
വിയര്പ്പ്  മണങ്ങൾ പിഴിഞ്ഞെടുത്ത് കടലിനു
നീർ കൊടുത്തു. കണ്ടതും, കാണാൻ ബാക്കിവച്ച
തുമായ സ്വപ്നത്തുണ്ടുകൾ ആകാശത്തേക്കഴിച്ചുവി
ട്ടു. അവസാനം കണ്ണിമവെട്ടാതെ വാക്ക്
വിറക്കാതെ ചങ്കിട കഴക്കാതെ ചിരി മുറിയാതെ
വക്ക് പൊട്ടിപ്പോയ ഹൃദയങ്ങൾ
ചോരകിനിയാതെ പറിച്ചെടുത്തു. പിന്നെ
കാലിടറാതെ മനമുഴറാതെ കണ്ണ്നിററയാതെ
ഉത്തരദക്ഷിണധ്രുവങ്ങളിലേക്ക് സഞ്ചരിച്ച്
മേഘരൂപരായി അപരിചിതരായി !

# ചിലത്



രതീഷ്.ടി.കെ...

പകൽ തിളപ്പിച്ചാറ്റി കുറുക്കിയെടുക്കുന്ന
രാത്രികളിൽ– ഇരുട്ടും, വെളിച്ചവും ചവിട്ടിക്കുഴച്ച്
കടന്നു പോകുന്നൊരുനിഴൽ.. ആകാശം തുളച്ചു
കെട്ടിയൊരുഞ്ഞാലിൽ
നിലാവിന്റെ രാത്രിയാട്ടങ്ങളെ
നോക്കി നോക്കിയിരിക്കുന്നു..
അടുക്കും ചിട്ടയുമില്ലാത്ത ആൺ മുറികൾ
കണക്കെ വിരിപ്പു തെറ്റിയ ആകാശത്ത്–
ഉടലു കത്തിച്ച് കത്തിച്ച്
ഉയിരു വറ്റിപോകുന്ന നക്ഷത്രങ്ങൾ...
അതിർത്തികളില്ലാത്ത ഏതോ ദേശങ്ങളിലേക്ക്
ഒളിച്ചു കടക്കുന്നതിനിടയിൽ–
പിന്നെയും, പിന്നെയും പിടിക്കപെടുന്ന
മേഘങ്ങൾ..
തിരക്കുപിടിച്ച് പെയ്യാനൊരുങ്ങുന്ന
മഴയിലേയ്ക്ക്.–
അളവു തെറ്റിയ കാറ്റിൽ
അടർന്നുവീണ മരക്കൊമ്പിൽ നിന്ന്–
ഉൻമാദിയായൊരു രാക്കിളി
ഉടുത്തൊരുങ്ങി യാത്ര പോകുന്നു...
മറിച്ചു ,മറിച്ചു തീരുന്ന കലണ്ടറിൽ–
കാലം കറുത്തും, ചുവന്നും മരിച്ചു പോകുന്ന
ദിനരാത്രങ്ങളിൽ– നാഴികകളെ കെട്ടിവലിച്ച്
അലഞ്ഞും, വലഞ്ഞും തേഞ്ഞൊടുങ്ങുന്നൊരു
സമയമാപിനി–
അക്കങ്ങളെ കഴുത്തുഞെരിച്ചു കൊന്ന്
ഒച്ചയില്ലാതെ കരയുന്നു... .

# മതി

രാഗേഷ് ആർ ദാസ്



ഒരു പരലയാൽ മതി
വേനലുതീരുംവരെ
പുഴവളവുകളുടെ ആഴത്തിൽ
സൂര്യന്റെ കണ്ണെത്താതെ മുങ്ങാംകുഴിയിടുന്ന
ഒരുകുറുന്തല പരൽ
ഒരു വേരായൽ മതി
വസന്തത്തിന്റെ കയ്യെത്താതെ
ഭൃമിയുടെ ഗർഭപാത്രത്തിൽ പുതച്ചുറങ്ങുന്ന
മരംമുറിഞ്ഞ ഒരൊറ്റവേര്
ഒരു കടലായാൽമതി
കടലുകാണാത്തവളുടെ ജനാല കാഴ്ച്ചകളിലെ
മഞ്ചാടി മണിയ്ക്കുള്ളിൽ ഒതുങ്ങുന്ന
സങ്കടങ്ങളുടെ ഒരു ചാവുകടൽ
ഒരു കുണായാൽ മതി
പാപികളുടെ രാജാവിനെപോലും
സ്വർഗത്തിലെയ്ക്ക് ഒളിച്ചു കടത്തുന്ന
നീലകുറിഞ്ഞിമലയിലെ മാന്ത്രിക കുൺ
ഒരുതുരുമ്പായാൽ മതി
നീയെന്നൊരു നനവ്
ഉണ്ടായിരുന്നെന്നോർമിപ്പ്പിക്കുന്ന
ചോര നിറമുള്ള തീ തുരുമ്പ്

# ഞായറാഴ്ച്ചയും നമ്മളും

അഞ്ജിത്ത് മോഹൻ



ഒരു മടിയൻ ഞായറാഴ്ച
പത്തരമണി നേരത്ത്
പരസ്പരം പുണർന്നുണരുന്ന
നമ്മുടെ ദിവസം തുടങ്ങുന്നു
അടുക്കളപ്പണി ആണുങ്ങള് ചെയ്താൽ
ആകാശമിടിഞ്ഞ് വീഴില്ലെന്ന്
പരിഭവം പറഞ്ഞോണ്ട്
നീ എഴുന്നേറ്റ് പോകും
ദോശയിലും ചമ്മന്തിയിലും ഇതിനുമ്മാത്രം
നന്നാവാനെന്തിരിക്കുന്നുവെന്ന്
"കൊള്ളാവോ"
എന്ന നിന്റെ ചോദ്യത്തിന് താഴെയിരുന്ന്
ഞാനാലോചിക്കും
പിന്നെ നിന്നെപ്പൊലെയുണ്ടെന്ന് പറഞ്ഞ്
ആ ചിരിയിലേയ്ക്ക് വിരുന്നുവരും
ബർഗണ്ടി നിറമുള്ള ഹെന്ന
നിന്റെ മുടിയിൽ പുരട്ടിത്തരുമ്പോൾ
എനിക്ക് നിന്നെ ഉമ്മവെക്കാൻ തോന്നും
ദേ .... കളിക്കല്ലെ മനുഷ്യാ
ഹെന്ന മുഴുവൻ മേത്തുപറ്റും
എന്ന് നീ ദേഷ്യമഭിനയിക്കും
ഉമ്മകളിൽ മൈലാഞ്ചി മണക്കുന്ന ഉച്ചനേരം
മറുകിൽ മൈലാഞ്ചി
ചുവയ്ക്കുന്ന വൈകുന്നേരം
ഉടൽമണങ്ങളിൽ
മൈലാഞ്ചിയിറ്റുന്ന രാത്രി
നീയും ഞാനും രണ്ട് രാജ്യങ്ങളായി മാറുന്നു
യുദ്ധം ചെയ്യുന്നു
കുന്നുകള് കാടുകളും സമതലങ്ങളും
വെട്ടിപ്പിടിക്കുന്നു
ഒടുവിൽ
നിന്റെയാഴങ്ങളിൽ ഞാനെന്റെ
സമാധാനത്തിന്റെ വെള്ളപ്രാവുകളെ
പറത്തുന്നു
നീയും ഞാനും പരസ്പരം ചോപ്പിക്കുന്നു
മൈലാഞ്ചിയെ തോൽപ്പിക്കുന്നു
പ്രണയമെന്ന് പേരിട്ട്
ഒരു രാജ്യം വരയ്ക്കുന്നു
നിന്റെ മുലകൾക്കുമേലേ
മറുകിൽ ഉമ്മ വെച്ച്
നമ്മളും ഞായറാഴ്ച്ചയും വിയർത്തുറങ്ങുന്നു

# മൻമോഹൻ മുതൽ ജെയ്റ്റ്ലി വരെ -- വിൽപ്പനയുടെ ഒരു ചരിത്രം

മുജീബ് റഹ്മാൻ



ഒരു സ്ഥലക്കച്ചവടത്തെ പാട്ടി ചർച്ചചെയ്യാത്ത ഒരു ഗ്രാമം പോലും ഇന്ന് കേരളത്തിൽ ഇല്ല. പൊതുവെ കേരളത്തിൽ ഗ്രാമങ്ങൾ തന്നെ ഇല്ലാതായിട്ട് കുറച്ച് കാലമായി.

പരശുരാമൻ കേരളം ഉണ്ടാക്കി എന്ന് പറയുന്ന കാലം തൊട്ടു 1991 വരെയുള്ള കാലത്തു നടന്ന സ്ഥല കച്ചവടത്തിനേക്കാൾ കൂടുതൽ ക്രയ വിക്രയങ്ങൾ കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ഇവിടെ നടന്നിട്ടുണ്ട്. ഗൾഫിൽ നിന്ന് വളരെയധികം പണം വന്നിട്ടും അതിൽ ഭൂരിഭാഗവും വീടുപണിക്ക് മാറിപ്പോയിട്ടും 1991 നു മുൻപ് സ്ഥലക്കച്ചവടം പൊതുവെ കമ്മിയായിരുന്നു.

എന്നാൽ ഇന്ന് സ്ഥിതി മാറി. ഭൂമിയുടെ സ്വതന്ത്രമായ വിൽപ്പനാവകാശം, ജനാധിപധ്യത്തിന്റെ വളർച്ച എന്നതിനപ്പുറം സെൽ അഥവാ വിൽപ്പന എന്ന പദത്തിന് വന്ന സ്വീകാര്യതയാണ്

മൻമോഹൻ സിംഗ് മുതൽ അരുൺ ജെയ്റ്റ്ലി വരെയുള്ള ഇന്ത്യൻ ധനകാര്യ മാന്ത്രിമാരുറെ നയത്തിന്റെ കാതൽ. ഒരു സാമ്പത്തിക പ്രശ്നമുണ്ടാകുമ്പോൾ അല്ലെങ്കിൽ അടിയന്തിരമായ എന്തെങ്കിലും കാര്യസാധ്യത്തിനല്ലാതെ പണ്ട് ഭൂമി വിൽപ്പന നടക്കാറില്ല. ഭൂമി പോട്ടെ, ഒന്നും തന്നെ വിൽക്കാറില്ല.

ഇന്ത്യൻ സാമ്പത്തിക രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പരിഷ്കരണത്തിന് തുടക്കം കുറിച്ചിട്ടു 25 വർഷമായി. വിൽപ്പന എന്ന രണ്ടാംതരം പ്രതിഭാസത്തെ നിന്ന് "ജനറേറ്റിംഗ് ഫിനാൻഷ്യൽ ലിക്വിഡിറ്റി" എന്ന ഒന്നുകൂടെ വ്യക്തമാക്കിയാൽ വിൽപ്പനക്ക് മാന്യത നൽകുന്ന ഒരു സാമ്പത്തിക ക്രമത്തിന്റെ വളർച്ചയാണ് കഴിഞ്ഞ കാൽ നൂറ്റാണ്ടിലെ ഏറ്റവും അടിസ്ഥാനപരമായ മാറ്റം.

മൻമോഹൻ തുടങ്ങിയ സാമ്പത്തിക നയം യശ്വന്ത് സിൻഹയിലൂടെ , ചിദംബരത്തിലൂടെ ജെയ്റ്റ്ലി യിൽ എത്തിയപ്പോഴും ഈ അടിസ്ഥാന സ്വഭാവത്തിന് മാറ്റം വന്നില്ല. പകരം അത് കൂടുതൽ ജനകീയമാവുകയും പണമുണ്ടാക്കാനുള്ള എളുപ്പവഴികൾ ആലോചിച്ചു ജനം നടക്കുകയും ചെയ്യുന്നു എന്നതാണ്.

വഴിയറിയാതെ ഉഴറുന്ന വികസ്വര രാജ്യത്തിൽ നിന്നും ത്രസിപ്പിക്കുന്ന വളർച്ച, ലോകത്തെ അതിവേഗം വികസിക്കുന്ന സാമ്പത്തിക ശക്തി, ഐ ടി രംഗത്തും വ്യാവസായിക മേഖലയിലും ഉണ്ടായ കുതിച്ചു ചാട്ടം, ഇതെല്ലം 25 വർഷത്തെ നേട്ടങ്ങളുടെ പട്ടികയിൽ പെടുത്താം.

എന്നാൽ കണ്ണഞ്ചിപ്പിക്കുന്ന ഷോപ്പിംഗ് മാമാങ്കങ്ങൾക്കും നഗരവൽക്കരണത്തിനും അപ്പുറം അനിയന്ത്രിതമായ അസമത്വമാണ്, അതിന്റെ വളർച്ചകൂടിയാണ് ഇന്ത്യയുടെ പ്രശ്നവും. ഫിനാൻസ് ക്യാപിറ്റൽ ആയി മാറുമ്പോൾ അതിന്റെ കേന്ദ്രീകരണം കൂടി നടക്കുന്നു. ഗവൺമെന്റിന്റെ നയങ്ങൾ അതിനു അനുസൃതമായി രൂപപ്പെടുന്നു -- ഏതു പാർട്ടി ഭരിച്ചാലും. റിസേർവ് ബാങ്കിന്റെ വായ്പാ നയം മുതൽ

**കാഴ്ച്ചവട്ടം ഓണപതിപ്പ്**

ഗവൺമെന്റിന്റെ പോളിസികൾ വരെ, ആയുധ ഇടപാടുകൾ മുതൽ ഒരു കുഗ്രാമത്തിലെ സ്ഥല ക്കച്ചവടം വരെ എല്ലാ നിയമങ്ങളും മാറ്റിയെഴുത പ്പെടുന്നു. ഓഹരി മുതൽ ഭക്ഷ്യ ധാന്യങ്ങൾ വരെ ഊഹക്കച്ചവട മാർക്കറ്റിൽ സജീവമാണ്.

സാർവത്രികമായ അഴിമതി ഈ വളർച്ചയുടെ ബാക്കിപത്രമാണ്. അഭിമുഖീകരിക്കുന്ന വലിയ പ്രശ്നങ്ങളിൽ ഒന്നും ഇതുതന്നെ ആണ്. നേരത്തെ പറഞ്ഞ കണക്കുപോലെ, കഴിഞ്ഞ 25 വർഷത്തെ അഴിമതി അതുവരെയുള്ള എല്ലാക്കാ ലത്തേയും കൂട്ടിനോക്കിയാൽ പോലും വളരെ കൂടുതലായിരിക്കും.

അഴിമതിയുടെ മറ്റൊരു വശമാണ് സ്ഥാപനവൽ ക്കരണം. എല്ലാം ഇന്സ്ടിട്യൂഷണലൈസ്ഡ് ആകുകയും എല്ലാ കാര്യങ്ങൾക്കും ഒരു പ്രോസസ്സ് ഉണ്ടാകുകയും ചെയ്യുമ്പോൾ അത് സ്വതന്ത്ര ചിന്തയുടെ വളർച്ചക്ക് വിഘാതമായി മാറുന്നു.

എല്ലാം സ്ഥാപനവൽക്കരിക്കപ്പെടുമ്പോൾ ലാഭം മാത്രമായി അവസാന വാക്ക്. ജെയ്റ്റലിയുടെ യും ചിദംബരത്തിന്റെയും നയങ്ങൾ സംഗമിക്കു ന്നതും ഇവിടെയാണ്.

വിപണിക്ക് വേണ്ടി മാത്രമായി നയങ്ങൾ മാറുമ്പോൾ, രാജ്യത്തിന് വേണ്ടത് എതിര്ശബ്ദ ങ്ങയിലല്ലാത്ത, ഉയരാൻ സമ്മതിക്കാത്ത ഭരണകൂടം കൂടിയാണ്. പണം കക്കുന്ന ഭരണാ ധികാരിയിൽ നിന്ന് എതിര്ശബ്ദങ്ങൾ ഉയരാൻ അനുവദിക്കാത്ത ഭരണാധികാരിക്ക് പലതും ചെയ്യാൻ ഉണ്ട്. നയങ്ങളിലും തീരുമാനങ്ങളിലും അത് പ്രതിഫലിക്കേണ്ടതുണ്ട്. ഒരു പക്ഷെ ചിദം ബരത്തെക്കാൾ ജെയ്റ്റിലി സ്വീകാര്യനാകുന്ന തും അങ്ങനെ തന്നെയാണ്

# ജീവൻ രക്ഷാ പോളിസി

പ്രശാന്ത് എം



ഈ രാത്രി ഉറക്കമില്ലാത്ത തണുപ്പാണ് . യാത്രയുണ്ട് , തിരുവനന്തപുരം

കാഴ്ചകളിലേക്ക് . ഏറ്റെടുത്ത പരിചിതമല്ലാത്ത ജോലികൾ തീര്ക്ക്ണം . പറഞ്ഞു

കേട്ട് എന്നേ വെറുത്ത ചില ഓഫീസുകൾ , അവിടുത്തെ ആചാരങ്ങൾ , എങ്കിലും

പോകണം . വാടക മുറി വിട്ടിറങ്ങുമ്പോൾ , പുറത്തു മഴ പെരുക്കുകയാണ്,

അലുമിനിയ പാത്രത്തിൽ വീഴുന്ന തുള്ളികളുടെ ശബ്ദം ഏറിയും കുറഞ്ഞും

നില്ക്കുന്നു. മംഗലാപുരത്തുനിന്നും തിരുവനന്തപുരത്തേയ്ക്കുള്ള പതിവ്

വണ്ടിയിൽ , ജനറൽ കമ്പാർട്ട്മെന്റിൽ ആളുകളുടെ , സാമിമാരുടെ , ആൾ

ദൈവങ്ങളെ കാണാൻ ഉള്ളവരുടെ , സാധാരണക്കാരുടെ നിര ഇരുന്നും നിന്നും

തൂങ്ങി പിടിച്ചും ഉറങ്ങുന്നു . ചില ഭാഗ്യവാൻമാര് , തട്ടിൻ പുറങ്ങൾ

കിടപ്പറയാക്കിയിരിയ്ക്കുന്നു . മൂത്ര പുരയുടെ അടുത്തേയ്ക്ക് ഒതുങ്ങി നിന്നു .

ബീഡി വലിയ്ക്കുന്ന അന്യ സംസ്ഥാന തൊഴിലാളികൾ, ചില നാട്ടു പയ്യൻമാർ ,

അവിടെയും ചിലർ സുഖമായുറങ്ങുന്നു . നാറ്റത്താൽ അടയപ്പെട്ട മൂക്കിനെ

ശപിച്ചു , വണ്ടി ഈറൻ കാറ്റിനെ തഴുകിയിഴയുന്നു . നാളെ അനന്തപുരിയിൽ

നില്ക്കാൻ നിയോഗം , പിന്നെ തിരിച്ചിങ്ങോട്ട് . പോസ്റ്റ് അംഗീകാരത്തിനുള്ള

ഓട്ടമാണ് . ഹയർ സെക്കന്ററി അല്ലെ , ചില തുരപ്പന്മാർ പാറ പോലത്തെ പാര

പണിയുന്നുമുണ്ട് , ചില നല്ലമനുഷ്യർ സഹായിയ്ക്കാനും അവിടുണ്ട് .

തൃശ്ശൂരിന്റെ ഒരു മൂക്കിൽ കിടക്കണ ഞാൻ മലപ്പുറത്തെ പാലക്കാടൻ

അതിർത്തിയിലെ ഒരു സ്കൂളിൽ വന്നു ചേരുന്നതും , നാട്ടിൽ ലക്ഷ കണക്കിന്

രൂപയുടെ കടക്കാരനായി മാറുന്നതും ചരിത്രം . എന്ന് , എവിടെ , എങ്ങിനെ

ജീവിക്കും എന്ന് പ്രവചിക്കുന്നതിനേക്കാൾ രസം , അതൊക്കെ ഓർത്തോർത്ത്

ഉത്തരം കിട്ടാതെ തളര്ന്നു ഉറങ്ങുന്നതാണല്ലോ ! . പതിവ് പോലെ

നിസ്സഹായതയുടെ മടക്കം . മിച്ചം വന്ന ക്ഷീണം കിടക്കയിലേയ്ക്ക്

ചൊരിഞ്ഞു .

തരിശു നിലം പോലെ സ്കൂൾ . സ്ത്രീ ജനം അടക്കി വാഴുന്ന സ്റ്റാഫ് റൂമിൽ

ഒതുങ്ങിക്കൂടുന്ന അര്ദ്ധ വൃദ്ധർ . യു.പി മുതൽ ഹയർ സെക്കന്ററി വരെ ഒരേ

**കാഴ്ച്ചവട്ടം ഓണപതിപ്പ്**

സ്റ്റാഫ് റൂമിൽ . ഹയർ സെക്കന്ററിയിൽ പുതുതായി വന്നവരെല്ലാം വൃദ്ധർക്ക്

സമമുള്ള ആളുകൾ . രാമു മാഷ് മട്ടത്തുന്ന പറഞ്ഞപ്പോ ഇത്രേം കരുതീല ,

ദാക്ഷായണി ടീച്ചര്ക്കും  വയസ്സായി, ഇനി ഈ ദ്രവിച്ച ഇരിപ്പിടത്തിൽ

ഇരുന്ന എന്ത് ചെയ്യാൻ ! . എല്ലാ കിഴങ്ങന്മാരരും ശരിവച്ചു . അങ്ങനെ

മനസ്സ് മരവിച്ച് ഇരിക്കുമ്പോഴാണ് ബി . എഡ് ട്രെയിനീസ് വരാൻ തുടങ്ങിയത് .

വാസുമാഷ് എഴുന്നേറ്റു നിന്ന് എതിരേറ്റു , ഞാൻ ഉള്ളിൽ കുരവയിട്ടു , ചിലർ

ആനന്ദത്താൽ മീശപിരിച്ചു. എല്ലാ കാലന്മാരുടെയും ശ്രദ്ധ ആ അഞ്ചു

സുന്ദരിമാരിലേക്കൊതുങ്ങി . ആൺ പട വരാൻ മടിച്ചിരുന്ന സ്റ്റാഫ് റൂമിൽ

ആണുങ്ങളുടെ തേരോട്ടം . ചിലർ ക്ലാസിൽ പോകാൻ മറന്നു . ദാക്ഷായണി

ടീച്ചര്ക്ക്ത താങ്ങാവുന്നതാണോ ഈ പരീക്ഷണം , മൂപ്പത്തി ട്രെയിനീസ് ന്റെ

മാര്ക്ക്  വെട്ടിക്കുറച്ചു . ഇത് കണ്ടു പിന്നേം അസൂയ മൂത്ത് റാബി ടീച്ചർ

ലെസ്സൺ പ്ലാൻ വെട്ടിക്കീറി കലി തുള്ളി. രാധാമണിടീച്ചറോട് ഒരായിരം തവണ

പറഞ്ഞിട്ടും കൊണ്ടത്തരാത്ത ഒരു പുസ്തകം നിമിഷവേഗത്തിൽ എന്റെ മേശമേൽ

, എന്നിട്ടൊരു താക്കീതും ആ വന്ന തള്ളച്ചികള്ക്ക് പെരുമാറാൻ അറിയില്ല ,

മാഷ് വല്ലാതെ സപ്പോര്ട്ട്ന ചെയ്യാന്പോ്ണ്ടാട്ടോ . എന്റെ പതിവ്

ശയിലിയിൽ ഞാൻ പറഞ്ഞു " ശരീട്ടാ " !!

ദൈവമേ ഇന്ന് സ്കൂളിൽ പുരുഷ പ്രജകൾ ചിരിച്ചില്ല , ഉണ്ടില്ല , ഒന്ന്

മിണ്ടുന്ന പോലുമില്ല , ഒരുമാസം പോയ പോക്കേ .

വൈകീട്ട് സ്കൂൾ വിട്ട് , നാട്ടു വര്ത്ത്മാനം പറഞ്ഞിരിക്കുംമ്പോഴാണ്

നാണു മാഷ് വീട്ടിലേക്കു ക്ഷണിക്കണത് . കുറച്ചു ദിവസായിട്ടെ ഉള്ളൂ ഈ

സ്കൂളിൽ വന്നിട്ട് . അതും ഏകാന്ത പതികനായ എനിക്ക് ഒരു നേരത്തെ

വീട്ടാഹാരം വല്ല്യ കാര്യല്ലേ . ഞാൻ പോകാൻ തന്നെ തീരുമാനിച്ചു. അന്ന്

പരുളൂർ പുഴയ്ക്കു കുറുകെ പാലമൊന്നുമില്ല, കടത്തുകാരനുണ്ട് , അഞ്ചു

രൂപയ്ക്ക് അങ്ങോട്ടും ഇങ്ങോട്ടും യാത്ര ചെയ്യാം . നല്ല ചാറ്റൽ മഴയിലും

കാറ്റിലും കൂസലില്ലാതെ ആ എലിമ്പൻ ചെക്കൻ തോണി തുഴഞ്ഞു . കുറെ നായർ

മഹിമകൾ കേട്ട് തോണി നീങ്ങി. നാണു മാഷ് വാചാലനാണ് , മൂക്കിൽ

പുകലപ്പൊടി വച്ചു തേമ്പി വിരലോണ്ട് ഒന്ന് തുടച്ച് നിര്ത്താ തെ മഹിമകൾ

പറഞ്ഞുകൊണ്ടേയിരുന്നു . അതാ ചിതല് തിന്നു അസ്ഥി കാണാറായ തറവാട്,

തൊട്ടടുത്ത്. ഉമ്മറത്ത് കിണ്ടിക്കു പകരം ഏതോ പെയിന്റ് പാട്ടയിൽ വെള്ളം ,

കാലിന്മേൽ കാലു കയറ്റിവച്ച് പത്രം വായിക്കണ പെണ്ണുങ്ങൾ, വീടിനുള്ളിൽ

മെരുവെന്ന കണക്കിൽ മിസ്സിസ് നാണ , കയ്യിൽ പന്തുമായി കണ്ണൻ . മാഷ്

പരിചയപ്പെടുത്തി, ഇത് രാമനുണ്ണി മാഷ് , നായരാണ് . മുറ്റത്ത് ഉണക്കാനിട്ട

തേങ്ങ പോലെ ഒരാൾ എഴുന്നേറ്റു വന്നു , ശരിക്കും നായരന്നെ അല്ലേടാ, അതോ?

. മാഷേ അച്ഛനാണ് , ഞാൻ തൊഴുതു , മിണ്ടാൻ തോന്നിയില്ല .

മോശം പറയരുതല്ലോ ഭക്ഷണം കലക്കി ട്ടോ നാണ മാഷേ ! , ഒരു ഭംഗി വാക്കു

പൊട്ടിച്ചു . അടുക്കളയിൽ നിന്ന് എന്തി വലിഞ്ഞു നോക്കുന്ന മിസ്സിസ്

നാണ അകത്തേയ്ക്ക് ഉൾവലിഞ്ഞു . രാമാ , ഭാര്യ ക്കെ ഇത്തിരി സുരക്ഷേടെ

ഏര്പ്പാതടുണ്ടേ , ഈ ജീവൻ രക്ഷ . ഇപ്പോഴാച്ചാ രാമന് വേറെ ചെലവോന്നും

ഇല്ല്യാലോ. ദൈവമേ ???!! ചതിച്ചോ അതും ഈ എന്നെ , പെട്ടന്ന് ഒരു ബുദ്ധി

തെളിഞ്ഞു മാഷേ നേരം ഇരുട്ടീലോ , നാളെ സ്കൂളിൽ നിന്ന് സംസാരിക്കാം .

തിരിച്ചു പോരുമ്പോൾ തോണിക്കാരനും ഞാനും ബാക്കിയാവുന്നു . ബീഡി

വലിച്ച് കാലുകൾ നീട്ടി വച്ച് നടക്കുമ്പോൾ ആ മഴയത്തും വിയര്ത്തു

കുളിക്കാണ് , നാട്ടിൽ സമ്പാദിച്ച കടം , പെങ്ങൾ അങ്ങനെ എന്തൊക്കെയോ

.......................... ജീവന് ആകെ ഒരു സുരക്ഷ കടത്തിന്റെ , ഇനിയും

നടന്നിട്ടില്ലാത്ത കല്യാണത്തിന്റെ അങ്ങനെ എന്തിന്റെയോക്കയോ................

# എന്റെ ഓണം

## ശ്രീ പാർവതി



സദ്യ ഉണ്ണുന്നതാണ്, പ്രധാനം, അതുകൊണ്ടു തന്നെ കോടിയുടെ കാര്യം അത്ര വിഷയമാക്കാറുമില്ല. എന്നാലും ചില ഓണങ്ങള്ക്ക് ഓണക്കോടി ലഭിച്ചിട്ടുണ്ട്. അച്ഛൻ വാങ്ങി തരുന്ന വസ്ത്രങ്ങൾ അല്ലെങ്കിലും ഇഷ്ടമായിരുന്നു. അപാരമായ തിരഞ്ഞെടുപ്പാണ്, അച്ഛന്റേണത്. നല്ല കളർ സെൻസ്സ്, സ്റ്റൈൽ... ഇന്നിപ്പോൾ എല്ലാ ഓണത്തിനും ആചാരം പോലെ വസ്ത്രമെടുക്കാറുണ്ട്. ഓണക്കോടി എന്ന പേരിൽ. എങ്കിലും ഓണക്കോടി എന്ന ആശയത്തോട് അത്ര താല്പ്പ ര്യമില്ലാത്തതു കൊണ്ടാവാം അത്തരം പരിപാടിയേക്കാൾ കൂടുതൽ ചിന്തിക്കുക ഓണത്തിനു എന്ത് പ്രത്യേകമായി ഭക്ഷണമുണ്ടാക്കാൻ കഴിയും എന്നാണ്, അല്ലെങ്കിൽ എവിടെയ്ക്ക് ഒരു യാത്ര പോകാൻ കഴിയും എന്നാണ്.

ഓണത്തിന്റെയ കഥകൾ കേരള സംസ്കാരത്തിന്റേ ഒരു വാഴ്ത്തുപാട്ട് തന്നെയാണ്. ഇതിനിടയിൽ മഹാബലിയും വാമനനും ഒന്നും വന്നിരുന്നില്ലെങ്കിലും ഈ ദിനങ്ങൾ നമ്മൽ ആഘോഷിച്ചേനേ. കൊയ്ത്തു പാട്ടിന്റ് താളത്തിലൂടെ ഞാറ്റുവേലയിലൂടെ ചൂടിലും ചൂരിലൂടെയും. മഹാബലി എന്ന അസുര രാജാവ് കേരളമാണോ ഭരിച്ചത് അതൊ മറ്റേതെങ്കിലും സ്ഥലമാണോ എന്ന് ഇപ്പൊഴും അര്ത്ഥ വിരാമിമിട്ട് പലരും ചോദിക്കുന്ന ചോദ്യമാണ്. മഹാബലിയെ പാതാളത്തിലേയ്ക്ക് ചവിട്ടി താഴ്ത്തുകയല്ല, അനുഗ്രഹിച്ചയക്കുകയായിരുന്നു എന്ന് ഇതിഹാസങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്, കഥയെന്തുമാകട്ടെ, ഓണക്കാലം മലയാളിയ്ക്ക് ആഘോഷിക്കാനുള്ളതു തന്നെയാണ്. മഴ കഴിഞ്ഞ് വസന്തത്തിന്റെയ തേരോട്ടത്തിൽ ഫലവൃക്ഷങ്ങൾ പൂകുകയും കായ്ക്കുകയും പൂക്കൾ ശോഭപരത്തുകയും ചെയ്യുന്ന സമയം, പത്തായത്തിൽ അരി നിറയ്ക്കുന്ന സമയം, ഇന്നിപ്പോൾ ഞാറ്റുവേലയും പത്തായവുമൊക്കെ നഷ്ടകാലത്തിന്റെ  വിഴിപ്പു ചുമന്ന് അവശരായിരിക്കുന്നു.

ഓണത്തിനിപ്പോൾ ഒരു ടെക്കി മുഖമാണ്. സോഷ്യൽ മീഡിയകളിൽ മുഖം പരതി നടക്കുന്നവര്ക്ക് പോസ്റ്റുകളിടാൻ വേണ്ടി ഓണം പെട്ടെന്നു വരാൻ പ്രാര്ത്ഥിമക്കുന്ന പലരേയും കണ്ടു. അത്തപ്പൂക്കളം, ഓണസദ്യ, ഓണക്കോടി , അങ്ങനെ മലയാളിയ്ക്ക് മറക്കുവാനാകാത്ത പലതിലേയ്ക്കും സോഷ്യൽ മീഡിയ ഇറങ്ങി നടക്കുമ്പോൾ പ്രവാസികളെന്നോ നാട്ടിന്പ്പുറത്തുകാരെന്നോ ഇല്ലാതെയാകുന്നു എന്ന നേട്ടമുണ്ട്. എല്ലാവരും ഒരുമിച്ച് ഓണമാഘോഷിക്കുക, ഓണസന്ദേശങ്ങൾ പരസ്പരം കൈമാറുക, അല്ലാ ഇതൊക്കെ തന്നെയല്ലേ ഓണത്തിന്റെ കൂടിച്ചേരൽ. അപ്പോൾ പിന്നെ സോഷ്യൽ മീഡിയയെ കുറ്റം പറയാനാകില്ല. മലയാളിയ്ക്ക് എന്നും ഹൃദയത്തോട് ചേര്ത്തു  വയ്ക്കാൻ അങ്ങനെ കുറച്ചു ദിവസങ്ങളല്ലേ ഉള്ളൂ.

# ഓണത്തിന്റെ ഓർമ്മകൾ

## സയനോര



എന്റെ ഓണം നിറയെ ഓര്മ്മണങ്കളാണ് . ഇതുവരെയുള്ള ജീവിതത്തിലൂടെ കടന്നുപോയ ഓണങ്ങളെ ക്കുറിച്ചുള്ള ഓര്മ്മികൾ. കുട്ടിക്കാലത്തിന്റെന മണമുള്ള ഓണങ്ങളാണ് ഓര്മ്മിയിലെ നല്ലോണങ്ങൾ. ചിങ്ങം ഒന്നിന് അതിരാവിലെ അടിച്ചുവാരി 'അത്തും പിത്തും ' കൊണ്ടുക്കളയുന്നതു മുതൽ ഓണ ഒരുക്കങ്ങളാണ്. വീട് മെഴുകി മിനുക്കൽ (അന്ന് ഞങ്ങടെ വീടിന് മണ്തഅറയായിരുന്നു.), വിറക് ഉണക്കിയടുക്കൽ, പുതിയ ചൂലുകളുണ്ടാക്കൽ,മുറ്റവും വഴിയും ചെത്തിയൊരുക്കൽ അങ്ങനെയങ്ങനെ ഒരുക്കങ്ങൾ തുടരും.അതിനിടയിൽ പരീക്ഷാപ്പനിയും.....!അത്തം പിറന്നാൽ പിന്നെ പൂക്കളമിടുന്നതിന്റെയ തിരക്ക്...ഒരു ദിവസം ഞാനാണെങ്കിൽ പിറ്റേന്ന് അനിയത്തിയും അനിയനും ചേര്ന്ന് ..അതിരാവിലെ ഞങ്ങൾ ഒരു കൂട്ടം കുട്ടികൾ പല സംഘങ്ങളായി തിരിഞ്ഞ് പൂ തേടി പോകുന്നതും കിട്ടിയ പൂക്കൾ ഒരുമിച്ച് ചേര്ത്തീ എല്ലാ നിറവും എല്ലാ തരവും എല്ലാവര്ക്കും  ഒരുപോലെ പങ്കിട്ടെടുത്ത് പൂക്കളമിടുന്നതും ഓര്മ്മ യിലെ പൂവിളികളിലിന്നുമുണ്ട്..... (അതായിരുന്നില്ലേ സമത്വം..?) അമ്മയ്ക്കും അച്ഛനും ബോണസു കിട്ടുന്നതിന്റെ  പിറ്റേന്ന് ഞങ്ങൾ കുടുംബസമേതം ഒരു യാത്രയുണ്ട്.. ഓണക്കോടിയും വള, പൊട്ട്, കണ്മറഷി,വർണ്ണറിബണുകൾ ഞങ്ങളുടെ ഇഷ്ടത്തിന് വാങ്ങിത്തരുന്ന ഒരേ ഒരു ദിവസം ..പിന്നെ പച്ചക്കറി, പുത്തൻ മണ്കകലങ്ങൾ,ചട്ടികൾ,തുടങ്ങി ആകെ മേളത്തിലൊരു തിരിച്ചുവരവ്...(ഇപ്പോഴും അത്തരം യാത്രയുണ്ട് എങ്കിലും അന്നത്തെയത്ര ഉല്ലാസമില്ല) ഉത്രാടസന്ധ്യയ്ക്ക് വിളക്കുകൊളുത്തി നാമം ചൊല്ലിക്കഴിഞ്ഞ് പുത്തനുടുപ്പും വളകളുമൊക്കെയണിഞ്ഞൊരു ഭംഗി നോക്കലുണ്ട്... അപ്പോൾ തോന്നുന്ന സന്തോഷതിമിര്പ്പ് ...!(അതായിരുന്നില്ലേ സമൃദ്ധിയുടെ നിറവ്...?) തിരുവോണത്തിന് ഓണക്കോടിയുടുത്ത് കൈ നിറയെ വളകളണിഞ്ഞ് ഞങ്ങൾ ഊഞ്ഞാലാട്ടം...മാണിക്യചെമ്പഴുക്ക കളിക്കും. ഓരോ വീട്ടിലും ഉണ്ടാക്കുന്ന പലഹാരങ്ങൾ അമ്മമാർ തന്നെ പരസ്പരം കൈമാറും..(അതായിരുന്നില്ലേ സാഹോദര്യം..? ) തിരുവോണം അച്ഛച്ഛന്റെട നേതൃത്വത്തിൽ അച്ഛന്റെ വീട്ടിൽ... അവിട്ടം അപ്പാപ്പന്റെ. നേതൃത്വത്തിൽ അമ്മയുടെ വീട്ടിൽ ...

എന്തു രസമായിരുന്നു...! എത്ര മനോഹരമായിരുന്നു...!

അത്രമേൽ നിറമോലും ഓണങ്ങളൊന്നും പിന്നെ പിറന്നിട്ടില്ലിതുവരെ....!